"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഡി2/286/2021/തസ്വഭവ തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 29/11/2021

**<u>സർക്കുലർ</u>**

വിഷയം:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-2023 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മപദ്ധതിയുടെയും രൂപീകരണം- സംബന്ധിച്ച്

സൂചന:- 01.04.2021 മുതൽ പ്രാബല്യത്തിൽ വന്ന കേന്ദ്രസർക്കാരിന്റെ മാസ്റ്റർ സർക്കുലർ

*********************

**1. ആമുഖം**

1.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 14(6) പ്രകാരം, 2022-23 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും അതിന് പൂരകമായ പ്രവൃത്തികളുടെ പട്ടിക (Shelf of Projects) യും ഗ്രാമസഭ 2021-22 വർഷം തന്നെ നിശ്ചയിക്കേണ്ടതാണ്. തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും, പ്രവൃത്തികളും ലേബർ ബഡ്ജറ്റിന്റെ രൂപീകരണത്തിലൂടെയാണ് സാക്ഷാത്ക്കരിക്കേണ്ടത്. 2014 ജനുവരി 3-ാം തീയതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക I-ൽ വരുത്തിയിട്ടുള്ള ഭേദഗതിയ്ക്ക് അനുസൃതമായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ത്രിതല പഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണ്

1.2. 2022-23 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ രൂപപ്പെടുത്തുന്ന രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുതലങ്ങളിൽ ചിട്ടയോടുകൂടിയതും പങ്കാളിത്ത പൂർണ്ണവുമായ ആസൂത്രണ പ്രക്രിയ നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**2. എന്താണ് ഷെൽഫ് ഓഫ് പ്രോജക്ട്സ്**

2.1.ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷത്തേയ്ക്കും ആവശ്യമായ തൊഴിൽ ദിനങ്ങൾ

തിട്ടപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തികളുടെ പട്ടിക (ഷെൽഫ് ഓഫ് പ്രോജക്ട്സ്) കൂടി തയ്യാറാക്കേണ്ടതും അതുവഴി തൊഴിൽ ആവശ്യപ്പെട്ട പത്തോ അതിലധികമോ തൊഴിലാളികൾ സമീപിക്കുമ്പോൾ പഞ്ചായത്തിന് അനായാസേന പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന് സാധ്യമാവുകയും വേണം. ഇതിന് ഭരണ സാങ്കേതിക അനുമതി ലഭ്യമായ മതിയായ പ്രവൃത്തികൾ നിർവ്വഹണത്തിന് ഏറ്റെടുക്കാവുന്ന തരത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. അത്തരം പ്രവൃത്തികൾ അടങ്ങുന്ന പട്ടികയാണ് പ്രവൃത്തികളുടെ പട്ടിക അഥവാ ഷെൽഫ് ഓഫ് പ്രോജക്ട്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

2.2. ഗ്രാമസഭ ശുപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ചിലത് സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാതെ വരും. ഇക്കാരണത്താൽ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ള ഷെൽഫ് ഓഫ് പ്രോജക്ടസ് രണ്ട് വർഷക്കാലം വരെ ഉപയോഗിക്കാൻ പാകത്തിൽ തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇപ്രകാരം രണ്ട് വർഷക്കാലത്തേക്കുള്ള പ്രവൃത്തികളുടെ ആവശ്യകത തൃപ്തിപ്പെടുത്തുന്ന ഷെൽഫ് ഓഫ് പ്രോജക്ടുകളിലൂടെ

1. സാങ്കേതിക അനുമതി നൽകുന്നതിന് മുൻപ് വിശദമായ പരിശോധന നടത്തുന്നതിന് മതിയായ സമയ ലഭ്യത ഉറപ്പാക്കാം
2. അനുമതികൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാം

2.3.എല്ലാ വർഷവും ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികൾ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ നിന്നും ഒഴിവാക്കി ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ശ്രദ്ധിക്കേണ്ടതാണ്. വാർഷിക കർമ്മ പദ്ധതി എന്നത് പ്രവൃത്തികളുടെ പട്ടികയിൽ നിന്നും ഉരുത്തിരിയുന്നതും ഷെൽഫ് ഓഫ് പ്രോജക്ട്-ലേതിനെക്കാളും കുറച്ച് പ്രവൃത്തികൾ ഉൾക്കൊള്ളുന്നതുമായ ഒരു രേഖയാണ്.

2.4. ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സെക്യുർ സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടതാണ്. എസ്റ്റിമേറ്റുകൾ തയ്യാറാക്കി കഴിഞ്ഞാൽ ബ്ലോക്ക്-ജില്ലാതലത്തിൽ സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഓരോ പ്രവൃത്തിയുടെയും ഭരണസാങ്കേതികാനുമതികൾ ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്.

2.5. ഓരോ പ്രവൃത്തിയുടെയും വിവരങ്ങൾ/രേഖകൾ ഒരു പ്രത്യേക ഫയലായി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത ഫയലിൽ എസ്റ്റിമേറ്റ് അബ്സ്ട്രാക്ട്, വിശദമായ എസ്റ്റിമേറ്റ്, വാർഷിക കർമ്മപദ്ധതിയുടെ പകർപ്പ്, സാധനസാമഗ്രികളുടെ വിശദാംശങ്ങൾ, ഡാറ്റാ വിശകലനം, എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച്, ഡിസൈൻ, ലൊക്കേഷൻ മാപ്പ്, പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള പ്രദേശത്തിന്റെ ഫോട്ടോ തുടങ്ങി

കേന്ദ്രസർക്കാരും സംസ്ഥാന മിഷനും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശ പ്രകാരമുള്ള എല്ലാ രേഖകളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

2.6. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്ക് അവലംബിക്കേണ്ട ഡാറ്റ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 10.05.2016-ലെ ജി.ഒ.(ആർ.റ്റി)നം.1640/16/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2 പ്രകാരമുള്ളതായിരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ, വിദഗ്ധ-അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവയുടെ നിരക്ക് ഓരോ ജില്ലയിലെയും പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്ന് മാസത്തിലൊരിക്കൽ നിർണ്ണയിക്കുന്ന പ്രാദേശിക കമ്പോള നിരക്കുകൾ (എൽ.എം.ആർ) അനുസരിച്ചായിരിക്കും. അവിദഗ്ധ കായിക തൊഴിലാളികളുടെ കൂലി നിരക്ക് വർഷാവർഷം കേന്ദ്രസർക്കാർ സി.പി.ഐ എ.എൽ (CPI-AL) മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിശ്ചയിക്കുന്നതാണ്.

**3.ലേബർ ബഡ്ജറ്റിലെ ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട മാനദണ്ഡങ്ങൾ**

3.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഭേദഗതി നിയമം 2013 ലെ പട്ടിക 1 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും 2020-21 വാർഷിക മാസ്റ്റർ സർക്കുലറിലെ അദ്ധ്യായം.7 പ്രകാരവും ചുവടെ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഊന്നൽ നൽകി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

3.2. <u>വിഭാഗം എ</u> : **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes) മൺതടയണകൾ, നിലഅണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ഭൂഗർഭജലപോഷണത്തിനും സഹായകരമായ നിർമ്മിതികൾ;

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും ;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

v.കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, വൃക്ഷത്തൈ ഉല്പാദനത്തിനായുള്ള നഴ്സറി രൂപീകരണം (ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം തൊഴിലുറപ്പ് നിയമം ഒന്നാം പട്ടികയുടെ ഖണ്ഡിക 5-ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്);

vi. പുൽമേടുകളുടെ വികസനം, ദീർഘകാലം നിലനിൽക്കുന്ന പുല്ലുകൾ വച്ച് പിടിപ്പിക്കൽ.

vii. മുള, റബ്ബർ, തെങ്ങ് എന്നിവയുടെ പ്ലാന്റേഷൻ

viii. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

3.3.1. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭേദഗതി നിയമം പട്ടിക I ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

- ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dug well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;
- പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;
- ഖണ്ഡിക 5-ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ; (പ്രവൃത്തിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി തരിശുഭൂമി ആയിരുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഇടപെടലുകൾ ഒറ്റത്തവണ മാത്രമായിരിക്കേണ്ടതുമാണ്)
- ആയുർദൈർഘ്യമുള്ള രാമച്ചം ഉൾപ്പെടെയുള്ള പുല്ലുകൾ ഉപയോഗിച്ചുള്ള പുൽമേടുകളുടെ വികസനം;
- മുള, റബ്ബർ, തെങ്ങ് എന്നിവയുടെ പ്ലാൻറേഷൻ;
- ഇന്ദിരാ ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും വീട് നിർമ്മാണത്തിനുള്ള നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;
- മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ

കൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി, അസോള ടാങ്ക് എന്നിവയുടെ നിർമ്മാണവും; മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

- ജൈവവളത്തിന്റെ (NADEP, വെർമി കമ്പോസ്റ്റ്) ഉത്പാദനം

3.3.2. സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലൂടെ തരിശുഭൂമി/ കൃഷിചെയ്യാത്ത ഭൂമി എന്നിവ മെച്ചപ്പെടുത്തി കൃഷിയ്ക്ക് ഉപയുക്തമാക്കുകവഴി കാറ്റഗറി ബി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളുടെ വരുമാന വർദ്ധന ഉണ്ടാവേണ്ടതാണ്. സ്വകാര്യഭൂമിയിൽ നിയമത്തിന് നിരക്കാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ ചെയ്തുവന്നിരുന്നു എന്നതാണ് മുൻകാല അനുഭവം. **സ്വകാര്യഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഒരു കാരണവശാലും നിലവിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്. ഉല്പാദനപരമല്ലാത്തതും നിലവിലെ പരിസ്ഥിതിയ്ക്ക് ആഘാതം സൃഷ്ടിക്കുന്നതരത്തിലുള്ളതുമായ പ്രവൃത്തികൾക്ക് ഒരു കാരണവശാലും സാങ്കേതികാനുമതി നൽകാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥർ ആയതിന് ഉത്തരവാദികളായിരിക്കും. സ്വകാര്യ ഭൂമിയിൽ ഒരു കാരണവശാലും ആവർത്തനസ്വഭാവമുള്ള താത്കാലിക പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.**

3.4. <u>വിഭാഗം സി</u> : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

a. കാർഷികോല്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകവഴി കാർഷികോല്പാദനക്ഷമത വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവൃത്തികൾ;
b. NRLM പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

3.5. <u>വിഭാഗം ഡി</u> : **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും

ഉറപ്പായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം ഒഴിവാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, (PMAY വീടുകൾക്കും അന്ത്യോദയഗ്രാമപഞ്ചായത്തുകളിലും) സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ പൊതു കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ (തുമ്പൂർമൂഴി മാതൃകപോലെ), മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികളും;

ii. ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും; (ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നു വീതം)

iv. പ്രകൃതിദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും പ്രകൃതിദുരന്തത്തിൽ തകർന്ന റോഡുകളും മറ്റ് അനിവാര്യ പൊതു ആസ്തികളുടെയും പുനരുദ്ധാരണവും വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങളും;

v. ഗ്രാമപഞ്ചായത്തുകൾ, കുടുംബശ്രീ എ.ഡി.എസ്/സി.ഡി.എസ് കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013)-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും;

ix. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ

വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

3.6. പ്രകടമല്ലാത്തതും, അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

<u>**വ്യക്തിഗത ആസ്തികൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തൽ**</u>

3.7. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(എ) പട്ടികജാതി

(ബി) പട്ടികവർഗ്ഗം

(സി) നാടോടികളായ ആദിവാസികൾ

(ഡി) ഡീനോട്ടിഫൈഡ് ആദിവാസികൾ

(ഇ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ കുടുംബങ്ങൾ

(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ

(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ

(എച്ച്) ഭൂപരിഷ്കരണത്തിൻറെ ഗുണഭോക്താക്കൾ

(ഐ) ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ

(ജെ) 2006-ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

വ്യക്തിതഗത ആനുകൂല്യം നൽകുന്ന കാറ്റഗറി ബി പ്രവൃത്തികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സോഷ്യോ എക്കണോമിക് കാസ്റ്റ് സെൻസസ് (SECC) ലെ ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഭേദഗതി നിയമം 2013 പട്ടിക 1 ഖണ്ഡിക 5-ൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കണം. SECC ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ മേൽ മാനദണ്ഡപ്രകാരം മുൻഗണന അർഹിക്കുന്നതുമായ കുടുംബങ്ങളുടെ പട്ടികയും പ്രത്യേകം തയ്യാറാക്കണം. SECC ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിനെ സംബന്ധിച്ച വിവരവും, SECC ലിസ്റ്റിൽ ഉൾപ്പെട്ട മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പട്ടിക ഉൾപ്പെടെ, ഗ്രാമസഭ മുമ്പാകെ സമർപ്പിക്കേണ്ടതും ഗ്രാമസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മുൻഗണനാക്രമത്തിൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

സംസ്ഥാനത്ത് 437 ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ് അധിഷ്ഠിതമായ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും ഏകദേശം അടുത്ത 3-5 വർഷത്തേയ്ക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളും ഇത് നടപ്പിലാക്കേണ്ടുന്ന ഗുണഭോക്താക്കളുടെ വിവരങ്ങളും ശേഖരിച്ചിട്ടുള്ളതുമാണ്. ഇതിൽ 2022-23 വർഷത്തേയ്ക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകേണ്ട ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് നടപടികൾ ലേബർ ബഡ്ജറ്റ് ഗ്രാമസഭയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതും, ജി.ഐ.എസ് പ്ലാൻ തയ്യാറാക്കിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകാരം വാങ്ങുന്ന നടപടികളും ലേബർ ബഡ്ജറ്റ് ഗ്രാമസഭയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ നിർവ്വഹണത്തിനായി ഓരോ ഗ്രാമപഞ്ചായത്തിലും തയ്യാറാക്കിയിരിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ ആവശ്യമായ കൂട്ടിചേർക്കലുകളോ ഒഴിവാക്കലുകളോ പിന്നീടുള്ള ഗ്രാമസഭകളിലായി ഗ്രാമപഞ്ചായത്തിന് വരുത്താവുന്നതാണ്. വ്യക്തിഗത ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡപ്രകാരം അതിന് അർഹരാണെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

3.8. മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടേയും ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008-ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ. മേൽപ്പറഞ്ഞ എല്ലാ വിഭാഗം കുടുംബങ്ങളും തൊഴിൽ കാർഡ് എടുക്കേണ്ടതും പ്രസ്തുത കുടുംബത്തിലെ കുറഞ്ഞത് ഒരു അംഗമെങ്കിലും സ്വന്തം ഭൂമിയിൽ/വീട്ടുവളപ്പിൽ പ്രവൃത്തിയിലേർപ്പെടാൻ സന്നദ്ധരാകേണ്ടതുമാണ്.

ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ കൃഷിക്ക് ഉപയോഗിക്കാൻ കഴിയാത്ത ഭൂമിയെ കൃഷിക്ക് ഉപയുക്തമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത്. പുല്ല് ചെത്തിവൃത്തിയാക്കൽ, കരിയില നീക്കം ചെയ്യൽ, നിലവിലുള്ള കയ്യാലകളുടെ അറ്റകുറ്റപ്പണി എന്നിവ ചെയ്യാൻ പാടില്ലാത്തതാണ്. ബണ്ടുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബണ്ട് നിർമ്മാണത്തിനുള്ള റേറ്റും എർത്ത്‌വർക്ക് എസ്കവേഷന്റെ റേറ്റും പ്രത്യേകം കണക്കാക്കാൻ പാടില്ലാത്തതും, ബണ്ട് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന്റെ ഭാഗമായിരിക്കേണ്ടതുമാണ്. കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുമ്പോൾ ആവശ്യമായത്ര സ്ഥലങ്ങളിൽ എക്സ്പാൻഷൻ ഗ്യാപ് നൽകേണ്ടതാണ്. കൂടാതെ റോഡുകളുടെ വശങ്ങളിൽ വെള്ളം കെട്ടിക്കിടക്കാതിരിക്കാനായി ഡ്രെയിനേജ് നിർമ്മിക്കേണ്ടതാണ്.

3.9. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നടപ്പാക്കിവരുന്ന സാധാരണ പ്രവൃത്തികളിൽ നിന്നും ഗുണപരമായി മെച്ചപ്പെട്ട തലത്തിലുള്ളവയും സംയോജിത പ്രകൃതി വിഭവ പരിപാലനത്തിൽ അധിഷ്ഠിതമായവയുമായ പ്രവൃത്തികളിലേക്ക് സമൂലമായി മാറേണ്ടത് അത്യാവശ്യമാണ്. കാർഷിക ഉല്പാദനത്തിലും ജനങ്ങളുടെ വരുമാനത്തിലും സുസ്ഥിര വർദ്ധനവ് ലക്ഷ്യമാക്കിയുള്ള നീർത്തടാധിഷ്ഠിത തത്വത്തിൽ ഊന്നിയുള്ള ആസൂത്രിതവും ചിട്ടയോടും കൂടിയ ഭൂവികസന ജലസംരക്ഷണ പ്രവർത്തനങ്ങൾ ആയിരിക്കണം 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ അടിസ്ഥാന ലക്ഷ്യം സ്വകാര്യ ആസ്തികളുടെ പുനരുദ്ധാരണം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ല തൊഴിലുറപ്പിൽ നിർമ്മിച്ച പൊതു ആസ്തികളുടെ പുനരുദ്ധാരണം അറ്റകുറ്റപണി എന്നിവ ഏറ്റെടുക്കാവുന്നതുമാണ്. എല്ലാ പ്രവൃത്തികൾക്കും നിശ്ചിത സ്പെസിഫിക്കേഷനിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിരിക്കേണ്ടതാണ്.

**4. നീർത്തടാധിഷ്ഠിത വികസന രീതിശാസ്ത്രം**

നീർത്തടപദ്ധതികൾ രൂപപ്പെടുത്തൽ: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ചിലവാക്കപ്പെടുന്ന തുകയുടെ 80%-ഉം പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾക്കാണ് ചിലവാക്കപ്പെടുന്നത്. ഈ തുക ഫലപ്രദമായി വിനിയോഗിക്കപ്പെടണമെങ്കിൽ ഓരോ ഗ്രാമപഞ്ചായത്തിലും സമഗ്രനീർത്തട പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ മുൻകാലത്ത് തയ്യാറാക്കിയിട്ടുള്ള നീർത്തടപ്ലാനുകളുടെ കാലാവധി അവസാനിച്ചു കഴിഞ്ഞതാണ്. കൂടാതെ സമീപ വർഷങ്ങളിൽ ഭൂവിനിയോഗത്തിലും മറ്റും ഉണ്ടായ മാറ്റങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. പൊതു ഭൂമിയെന്നോ സ്വകാര്യഭൂമിയെന്നോ വ്യത്യാസമില്ലാതെ ഓരോ തുണ്ടുഭൂമിയിലും വീഴുന്ന മഴവെള്ളവും അവിടത്തെ മണ്ണും ജൈവസമ്പത്തും സംരക്ഷിക്കാൻ ഉതകുന്ന പദ്ധതിയാണ് തയ്യാറാക്കപ്പെടേണ്ടത്. നിലവിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദേശാനുസരണം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജി.ഐ.എസ് അധിഷ്ഠിതപ്ലാനുകൾ  തയ്യാറാക്കി വരികയാണ്. ഇവയെ വിവിധ തീമാറ്റിക് മാപ്പുകളുടെ സഹായത്തോടെ നീർത്തടപ്ലാനുകൾ ആക്കിമാറ്റുവാൻ സാധിക്കും. ഇതിനാവശ്യമായ സാങ്കേതിക സഹായം സംസ്ഥാന ഭൂവിനിയോഗബോർഡ് വഴി ലഭ്യമാക്കും.

4.1.1. ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഇപ്രകാരം ഒരു നദീതടത്തെ പല ഉപ നീർത്തടങ്ങളായും ഒരു

ഉപനീർത്തടത്തെ പല ചെറു നീർത്തടങ്ങളായും തരം തിരിക്കാം. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും ജൈവ സമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നുവെന്നതാണ് നീർത്തടത്തിന്റെ പ്രത്യേകത. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്‌വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും, ജലസംരക്ഷണം സാധ്യമാക്കുന്നതിനും, ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടൽ പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത് (Watershed Based approach) ഇടപെടൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച് കുന്നിൻ മുകളിൽ നിന്നും താഴ്‌വാരത്തിലേക്ക് നീങ്ങുന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത് (Ridge to valley approach) നീർത്തടം എന്നത് വികസനത്തിന്റെ ഒതുക്കമുള്ള ഏകകം (Unit) ആയതിനാൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യകൃഷി സാമൂഹ്യവനവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്ഗ്രഥനം ചെയ്ത് ഒരു സംയോജിത നീർത്തട പരിപാലന (Integrated Watershed Management) കാഴ്ചപ്പാടോടുകൂടിയാണ് ഇടപെടലുകൾ ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) തടയണ നിർമ്മാണം: വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കി ഇരുമ്പ് വല കൊണ്ട് ആവരണം ചെയ്ത് (Gabion) തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.

ബി) വിയർ നിർമ്മാണം: നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസംഭരണം സാധ്യമാകുന്നതിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക

സി) കോണ്ടൂർ ബണ്ടിംഗ്: വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാലനിർമ്മിക്കാവുന്ന സ്ഥലങ്ങൾ.

ഡി) ബണ്ടുകൾ ശക്തിപ്പെടുത്തൽ: പുല്ല്, മരങ്ങൾ എന്നിവ വച്ച് പിടിപ്പിക്കേണ്ട സ്ഥലങ്ങൾ.

ഇ) ധാരാളം വേരുപടലങ്ങളുള്ള ഗിനിഗ്രാസ്സ്, രാമച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ചു പിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.

എഫ്) ജൈവ വേലി നിർമ്മിതികൾ: വട്ട, ശീമക്കൊന്ന, ശെബാബുൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളും നീർച്ചാലുകളുടെ കരകളിലും വച്ചുപിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ.

ജി) ബ്രഷ് വുഡ് തടയണ നിർമ്മാണം (പാഴ്ത്തടികൊണ്ടുണ്ടാക്കുന്നവ): നീർച്ചാലുകളിൽ പാഴ്ത്തടികൾ,

മരക്കൊമ്പുകൾ ഉപയോഗിച്ച്

എച്ച്) കുളങ്ങളുടെ നിർമ്മാണവും പൊതുകുളങ്ങളുടെ നവീകരണവും

4.1.2. **ജി.ഐ.എസ് പ്ലാൻ.**

കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന മുഴവൻ പ്രവൃത്തികളും ജി.ഐ.എസ്. അധിഷ്ഠിത സംവിധാനത്തിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിൽ നെറ്റ്പ്ലാൻ (NET plan) അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട മുഴവൻ പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങളും ഫീൽഡുതലത്തിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ഇനി ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിലും ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഇതിലേക്കായി പ്രാഥമിക വിവര ശേഖരണം നടത്തേണ്ടതും ആയത് ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ അപ്‌ലോഡ് ചെയ്യേണ്ടതുമുണ്ട്. ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സവിശേഷതകൾക്ക് അനുസൃതമായി ശാസ്ത്രീയമായി ഏറ്റെടുക്കാവുന്ന പ്രകൃതി വിഭവ പരിപാലനം അടക്കമുള്ള പ്രവൃത്തികൾ അടങ്ങുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി സംസ്ഥാന മിഷൻ വികസിപ്പിച്ചിട്ടുള്ള മൊബൈൽ ഫോൺ ആൻഡ്രോയിഡ് അപ്ലിക്കേഷൻ (Android App) ഉപയോഗിക്കാവുന്നതാണ്.

തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ഓരോ പ്രദേശത്തിന്റെയും പൂർണ്ണമായ വിവരങ്ങൾ ഈ Android App മുഖേന ശേഖരിച്ച് രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്വകാര്യഭൂമി, പൊതുഭൂമി/നീർച്ചാൽ/ജലസ്രോതസ്സ് എന്നീ രണ്ടു വിഭാഗങ്ങളായി തിരിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്. എന്യൂമറേറ്റർമാർ ഓരോ വീടും സന്ദർശിച്ച് വീട്ടുടമസ്ഥന്റെ പേര്, പൊതുവിവരങ്ങൾ, അതോടൊപ്പം സർവ്വെ നമ്പരും ഭൂമിയുടെ വിവരങ്ങളും അക്ഷാംശവും രേഖാംശവും ശേഖരിക്കണം. ഓരോ പ്ലോട്ടിലും ഉൾപ്പെട്ട ഭൂമിയിലും ഏതെല്ലാം തരത്തിലുള്ള ഇടപെടലുകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം അടുത്ത 5 വർഷങ്ങളിൽ നടത്താൻ സാധിക്കും എന്നത് സംബന്ധിച്ച വിവരങ്ങൾ വീട്ടുകാരുമായി ചർച്ച ചെയ്തും ഭൂമിയുടെ കിടപ്പും സ്വഭാവവും വിലയിരുത്തിയും Android App ലേക്ക് ഉൾച്ചേർക്കുന്നു. പ്രസ്തുത വിവരങ്ങൾ സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശാസ്ത്രീയമായി അപഗ്രഥിച്ച് കരട് ഡി.പി.ആർ തയ്യാറാക്കുന്നതായിരിക്കും.

വിവര ശേഖരണ നടപടികൾ കൃത്യതയോടെയും സമയബന്ധിതമായും നടക്കുമെന്ന് ഉറപ്പാക്കുന്നതിലേക്ക് പ്രവർത്തനങ്ങൾ ദൈനംദിനം മോണിട്ടർ ചെയ്യുന്നതിന് ജോയിന്റ് ബി.ഡി.ഒ. മുതൽ വി.ഇ.ഒ. വരെയുള്ള ഫീൽഡ്തല ഉദ്യോഗസ്ഥരെയും അതാത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ്

സെക്രട്ടറിമാരെയും ഉൾപ്പെടുത്തി ചെറുടീമുകൾ ബി.പി.ഒ. രൂപീകരിക്കണം. സ്വകാര്യ ഭൂമിയിലെ വിവര ശേഖരണത്തിന്റെ കൃത്യത ഉറപ്പാക്കാനായി ഡേറ്റയുടെ സൂപ്പർ ചെക്ക് നടത്തേണ്ടതുണ്ട്.

സൂപ്പർചെക്കിനു ശേഷം വരുത്തിയ മാറ്റങ്ങൾ പ്രകാരമുള്ള വിവരങ്ങൾ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് പരിശോധിച്ച് ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ കൈമാറി ഗ്രാമസഭ അംഗീകാരത്തിന് വിധേയമാക്കണം. ഗ്രാമസഭകളിലെ അംഗീകാരത്തിന് ശേഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കുകയും തുടർന്ന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

4.1.3. നിർത്തടവികസന പ്രവർത്തനങ്ങൾ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാവണം ഏറ്റെടുക്കേണ്ടത്. ചരിവ് കൂടിയതും, മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങളിൽ മഴക്കുഴികൾ, കോണ്ടൂർ ട്രഞ്ചുകൾ തുടങ്ങിയവ അശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.

**4.2.പദ്ധതി പ്രവൃത്തികൾ നീർത്തടാധിഷ്ഠിതമായി കണ്ടെത്തുന്ന രീതി**

**4.2.1 'നീരുറവ്' - നീർത്തടാധിഷ്ഠിത സമഗ്ര വികസന പദ്ധതി തയ്യാറാക്കൽ**

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നീർത്തടാധിഷ്ഠിത മാതൃകയിൽ ഏറ്റെടുത്തു നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ഓരോ ഗ്രാമപഞ്ചായത്തിലെയും നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി ഓരോ നീർച്ചാലുകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും അനുയോജ്യമായ പരിപാലനപ്രവൃത്തികൾ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതി രേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിൽ ഉൾപ്പെട്ട പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ ചുള്ളാളം നീർത്തട പ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ സമഗ്ര നീർത്തട പരിപാലനത്തിനായുള്ള പദ്ധതി തയ്യാറാക്കുകയുണ്ടായി. തുടർന്ന് ഓരോ ജില്ലയിലെയും ഒരു ചെറു നീർത്തടം തിരഞ്ഞെടുത്ത് ഇത്തരം സമഗ്രപദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അടുത്ത സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും സമാനമായ രീതിയിൽ സമഗ്ര പദ്ധതി രേഖ തയ്യാറാക്കി തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ നീർത്തട കേന്ദ്രീകൃതമായി നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിലൂടെ പ്രകൃതി വിഭവങ്ങളായ മണ്ണിനെയും ജലത്തിനെയും സംരക്ഷിക്കുവാനും ജൈവസമ്പത്ത് വർദ്ധിപ്പിക്കുവാനും അതിലൂടെ കാർഷികാഭിവൃദ്ധിയും ജനങ്ങളുടെ ഉപജീവന സ്ഥിതിയും മെച്ചപ്പെടുത്തുവാനുമാണ് ലക്ഷ്യം വയ്ക്കുന്നത്.

കേവലമൊരു തൊഴിൽദാന പദ്ധതിയെന്ന നിലയിൽ നിന്നു മാറി പരിസ്ഥിതി പുനസ്ഥാപനത്തിനും കാലാവസ്ഥാ മാറ്റത്തിന്റെ കെടുതികളെ ചെറുക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഒപ്പം തന്നെ കോവിഡ് കാരണം നട്ടുവൊടിഞ്ഞ സമ്പദ്ഘടനയ്ക്ക് ഉത്തേജനം പകരുവാനും ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനാടിത്തറയ്ക്ക് ശക്തി പകരാനും തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവഹണത്തിലൂടെ ലക്ഷ്യമിടുന്നു.

നീർച്ചാൽ ശൃംഖലകൾ കേന്ദ്രീകരിച്ച് സമഗ്ര നീർത്തട പദ്ധതി തയാറാക്കുന്നതിന് ചുവടെ പറയുന്ന നടപടികളും സമയക്രമവും അനുവർത്തിക്കുവാൻ നിർദ്ദേശിക്കുന്നു:

1. ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആയിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്. പദ്ധതിയെ സംബന്ധിച്ച പൂർണ്ണമായ ബോദ്ധ്യം ഗ്രാമ പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കണം. ഇതിനാവശ്യമായ നടപടികൾ ജില്ലാ - ബ്ലോക്ക് തലങ്ങളിൽ സ്വീകരിക്കേണ്ടതാണ്.
2. ജനപ്രതിനിധികൾ, പ്രദേശവാസികളായ കർഷകർ, കർഷക തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ/മേറ്റുമാർ, കുടുംബശ്രീ/സ്വയം സഹായ സംഘം അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയ എല്ലാ വിഭാഗങ്ങളിലും പദ്ധതിയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ആലോചനാ യോഗങ്ങൾ, പരിശീലന പരിപാടികൾ, വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ, മറ്റു ക്യാംപയിൻ പ്രവർത്തനങ്ങൾ എന്നിവ പ്രാരംഭ ഘട്ടം മുതൽ സംഘടിപ്പിക്കേണ്ടതാണ്.
3. സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കുന്നതിന്റെ ആദ്യത്തെ പടി എന്നത് നീർത്തടത്തിന്റെ അതിർത്തി നിർണ്ണയം ആണ്. ഡ്രെയിനേജ് മാപ്പ്, ടോപ്പോ ഷീറ്റ്, ഗൂഗിൾ എർത്ത് എന്നിവയുടെ സഹായത്തോടെ ഓരോ നീർത്തടത്തിന്റെയും അതിർത്തി നിർണ്ണയിക്കാവുന്നതാണ്. ഇതോടൊപ്പം കഡസ്ട്രൽ മാപ്പിന്റെ സഹായത്തോടെ നീർത്തട അതിർത്തിയിൽ ഫീൽഡു സന്ദർശനം നടത്തി ഏതൊക്കെ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലങ്ങൾ നീർത്തട അതിർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കാവുന്നതാണ്.
4. ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രാഥമിക യോഗം - ഈ യോഗത്തിൽ നീർത്തടത്തിന്റെ അതിരുകൾ നീർച്ചാലുകളുടെ വിവരം, ഔട്ട് ലെറ്റ്, പദ്ധതി

നടത്തിപ്പിന് സ്വീകരിക്കേണ്ട പ്രാഥമിക നടപടി ക്രമങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യണം.

5. നീർച്ചാൽ നടത്തവും ട്രാൻസെക്ട് വാക്കും (Transect walk) - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മറ്റു വിശിഷ്ട വ്യക്തികൾ, നീർത്തട പ്രദേശത്തെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ/മേറ്റുമാർ, കർഷകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ അടങ്ങിയ ടീം പ്രധാന നീർച്ചാലുകളുടെ വശങ്ങളിലൂടെയും തുടർന്ന് നീർത്തട പ്രദേശം മുഴുവനും നടന്നു കാണുന്നത് പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതി പ്രദേശത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുന്നതിനും സഹായകരമാകും. പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച ഒരു പ്രാഥമിക ധാരണ രൂപപ്പെടുത്തുന്നതിനും ഇത് ഉപകരിക്കും.

6. നീർത്തട അയൽക്കൂട്ടങ്ങളുടെ രൂപീകരണം - ഒരു പ്രദേശത്ത് ഭൂമി ശാസ്ത്രപരമായി അടുത്തടുത്തു കിടക്കുന്ന വീടുകൾ ചേർന്നാണ് നീർത്തട അയൽക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടത്. 40 മുതൽ 50 വരെ കുടുംബങ്ങൾ ചേരുന്നതാകണം നീർത്തട അയൽക്കൂട്ടങ്ങൾ. പ്രാഥമിക വിവരശേഖരണം, നീർത്തട പ്രദേശത്തെ പ്രശ്നങ്ങളും ആവശ്യകതകളും മനസ്സിലാക്കൽ, പദ്ധതി പ്രവർത്തനങ്ങളിൽ പ്രദേശവാസികളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയ്ക്ക് അയൽക്കൂട്ട രൂപീകരണം പ്രയോജനപ്പെടും. ഓരോ നീർത്തട അയൽക്കൂട്ടത്തിൽ നിന്നും കുറഞ്ഞത് രണ്ടു വീതം സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പദ്ധതി പ്രവർത്തനത്തിൽ പങ്കാളികളാക്കേണ്ടതാണ്.

7. പ്രാഥമിക വിവരശേഖരണം - പദ്ധതി പ്രദേശത്തെ ഓരോ സർവ്വേ നമ്പരിലും ഉൾപ്പെട്ട പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും നീർച്ചാലുകളിലും, പൊതുകുളങ്ങൾ അടക്കമുള്ള മറ്റു ജലസ്രോതസ്സുകളിലും നേരിട്ടു സന്ദർശിച്ച് അവയുടെ സവിശേഷതകൾക്കനുസരിച്ച് ശാസ്ത്രീയമായി നടത്തേണ്ട ഇടപെടലുകൾ കണ്ടെത്തണം. സ്വകാര്യ ഭൂമിയിൽ വിവരശേഖരണം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാർ, കോളേജുകളിലെ NCC/NSS വിഭാഗങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താം. എന്നാൽ ഇവർക്ക് പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ പരിശീലനം BPO മാരുടെ നേതൃത്വത്തിൽ ലഭ്യമാക്കിയിരിക്കണം. GIS പ്ലാനുകൾ തയ്യാറാക്കിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അതിന്റെ ഭാഗമായി ഈ വിവരശേഖരണം ഏറ്റെടുക്കാവുന്നതും നിശ്ചയിക്കപ്പെട്ടിട്ടുള്ള

പ്രതിഫലം നല്കാവുന്നതുമാണ്. GIS സർവ്വേ ഇതിനകം പൂർത്തിയായ പഞ്ചായത്തുകളിൽ വിവിധ തീമാറ്റിക് മാപ്പുകളുടെയും ട്രാക്കിയ മൊബൈൽ ആപ്പിന്റെയും സഹായത്തോടെ നിലവിൽ സർവ്വേയിലൂടെ ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പ്രകൃതി വിഭവപരിപാലന പ്രവൃത്തികൾ കണ്ടെത്തിയിട്ടുള്ളതിൽ പോരായ്മകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗാർഹിക സർവ്വേയിൽ സന്നദ്ധ പ്രവർത്തകരെ സഹായിക്കുന്നതിന് മേറ്റുമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പൊതുഭൂമി, നീർച്ചാലുകൾ, പൊതുകുളങ്ങൾ അടക്കമുള്ള മറ്റു ജലസ്രോതസ്സുകൾ എന്നിവയിൽ തൊഴിലുറപ്പ് പദ്ധതിയിലെ എൻജിനിയർമാർ, ഓവർസിയർമാർ എന്നിവർ സന്ദർശിച്ച് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ കണ്ടെത്തേണ്ടതാണ്. പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും കണ്ടെത്തുന്ന പ്രവൃത്തികൾ GIS പ്ലാനിങ്ങിന് ഉപയോഗിക്കുന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് അപ് ലോഡ് ചെയ്യേണ്ടതാണ്.

8. വിവരശേഖരണം നടത്തുമ്പോൾ നീർച്ചാലുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ ഉൾപ്പെട്ട പൊതു സ്വകാര്യ ഭൂമിയിൽ കോണ്ടൂർ ബണ്ടുകൾ, ട്രഞ്ചുകൾ, തട്ട് തിരിക്കൽ, മഴക്കുഴികൾ, മൺകയ്യാലകൾ, വൃക്ഷവല്ക്കരണം, കിണർ റീച്ചാർജ്, കുളങ്ങളുടെ നിർമ്മാണം, പൊതുകുളങ്ങളുടെയും മറ്റു പരമ്പരാഗത ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണം തുടങ്ങി സാധ്യമായ എല്ലാ പ്രകൃതി വിഭവപരിപാലന പ്രവൃത്തികളും കണ്ടെത്തണം. ചെറുതും വലുതുമായ എല്ലാ നീർച്ചാലുകൾക്ക് കുറുകെയും നീർച്ചാലുകൾ തുടങ്ങുന്നതു മുതൽ അവസാനിക്കുന്നതുവരെ കൃത്യമായ അകലം പാലിച്ച് അനുയോജ്യമായ തടയണകൾ മതിയായ എണ്ണം നിർമ്മിക്കാൻ ശ്രദ്ധിക്കണം. ഇതിനു പുറമേ ആ പ്രദേശത്തെ ജനങ്ങൾക്ക് ഉപജീവനത്തിന് സഹായകരമാകുന്ന വരുമാനദായക ആസ്തികളായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, തീറ്റപ്പുൽകൃഷി, അസോള ടാങ്ക്, സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡുകൾ, ഗ്രാമീണ വിപണന കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കുള്ള സാധ്യതകളും കണ്ടെത്തണം. മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് ഉതകുന്ന കമ്പോസ്റ്റ് പിറ്റുകൾ, സോക്പിറ്റ്, മിനി MCF തുടങ്ങിയവയും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണശാല, അംഗൻവാടി കെട്ടിടങ്ങൾ, കളിക്കളങ്ങൾ, റോഡുകൾ, കലുങ്കുകൾ തുടങ്ങിയവയും നിർമ്മിക്കേണ്ടതുണ്ടോ എന്ന് കണ്ടെത്തേണ്ടതാണ്. ആഗോള താപനത്തിന്റെ

ഫലമായുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ ലഘൂകരിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾ ഏറ്റെടുക്കുവാൻ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയിൽ തികച്ചും പ്രായോഗികവും നിർവ്വഹിക്കുവാൻ കഴിയുന്നതുമായ പ്രവർത്തനങ്ങൾ മാത്രമേ ഉൾപ്പെടുത്താവൂ.

9. സംയോജന സാധ്യതകൾ - ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം, കൃഷി വകുപ്പ് , മണ്ണുസംരക്ഷണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് , മത്സ്യ വകുപ്പ്, ജലസേചന വകുപ്പ്, വനം വകുപ്പ്, കുടുംബശ്രീ, ശുചിത്വമിഷൻ, ഹരിത കേരള മിഷൻ എന്നിങ്ങനെ വിവിധ വകുപ്പുകളുമായും ഏജൻസികളുമായുള്ള സംയോജന സാധ്യതകൾ വിവരശേഖരണ ഘട്ടത്തിൽ തന്നെ കണ്ടെത്തി ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സംയോജന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ/ ഏജൻസികളുടെ പ്രതിനിധികളുമായി പ്രാരംഭഘട്ടം മുതൽ ആവശ്യമായ ചർച്ചകളും ആശയ വിനിമയവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

10. ദ്വിതീയ വിവരശേഖരണം - പ്രാഥമിക വിവരശേഖരണത്തിൽ ലഭ്യമാകാത്തവിവരങ്ങൾ ദ്വിതീയ വിവരശേഖരണത്തിലൂടെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കാവുന്നതാണ്. പ്രധാന കൃഷികൾ, കൃഷി രീതികൾ, കാർഷിക ഉല്പാദനം, മൃഗ സമ്പത്ത്, ക്ഷീരോല്പാദനം, മത്സ്യസമ്പത്ത്, ജലസേചന പദ്ധതികൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ വിവരങ്ങൾ അതത് വകുപ്പുകളിൽ നിന്നും ശേഖരിക്കാവുന്നതാണ്. പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവ്, അന്തരീക്ഷ ഊഷ്മാവ് എന്നിവ കാലാവസ്ഥാ വകുപ്പിൽ നിന്നും ഭൂഗർഭജലത്തിന്റെ അളവ് കേന്ദ്ര സംസ്ഥാന ഭൂജലവകുപ്പിൽ നിന്നും ലഭ്യമാകും. പദ്ധതി രൂപീകരണത്തിന് ആവശ്യമായ വിവിധ മാപ്പുകൾ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, മണ്ണുസംരക്ഷണ വകുപ്പ് എന്നിവിടങ്ങളിൽ നിന്നു ശേഖരിക്കാവുന്നതാണ്.

11. ഫോക്കസ്സ് ഗ്രൂപ്പ് ചർച്ചകൾ - വിവരശേഖരണത്തിലൂടെ കണ്ടെത്തിയ പ്രവൃത്തികൾ സംബന്ധിച്ച് നീർത്തട പ്രദേശത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ട ആളുകളുടെ അഭിപ്രായം തേടുന്നതിനായി ഫോക്കസ്സ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം. കർഷകർ, കർഷക തൊഴിലാളികൾ, ഭൂരഹിതർ, തൊഴിലുറപ്പ് തൊഴിലാളികൾ/മേറ്റുമാർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ടവരോട് നീർത്തടത്തിലെ പ്രശ്നങ്ങൾ

സംബന്ധിച്ചും അവ പരിഹരിക്കുന്നതിനായി ഏറ്റെടുത്തു നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും അവതരിപ്പിച്ച് അഭിപ്രായങ്ങൾ തേടേണ്ടതാണ്.

12. ഭൂഗർഭ ജലവിതാനം, കിണറുകളിലേയും നീർച്ചാലുകളിലേയും വേനൽക്കാലത്തെ ജല ലഭ്യത, തരിശുഭൂമിയുടെയും കൃഷിഭൂമിയുടെയും വിസ്തൃതി, കാർഷിക-മൃഗസംരക്ഷണ മേഖലകളിലെ ഉത്പാദനം, ഭൂമിയുടെ വൃക്ഷമേലാപ്പ്, ജനങ്ങളുടെ ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ പദ്ധതി തുടങ്ങുന്നതിനു മുൻപുള്ള അവസ്ഥ ബേസ് ലൈൻ ഡാറ്റയായി ശേഖരിച്ച് സമഗ്ര പദ്ധതി രേഖയിൽ ഉൾക്കൊള്ളിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലും പദ്ധതി അവസാനിച്ചു കഴിഞ്ഞും ഈ മേഖലകളിൽ ഉണ്ടായിട്ടുള്ള പുരോഗതി ശാസ്ത്രീയമായി വിലയിരുത്തേണ്ടതുമാണ്.

13. പദ്ധതി രൂപീകരണം മുതലുള്ള എല്ലാ ഘട്ടങ്ങളും വിശദമായി ഡോക്യുമെൻറ് ചെയ്യേണ്ടതാണ്. ആവശ്യമായ ഘട്ടങ്ങളിൽ വീഡിയോ ഡോക്യുമെന്റേഷനും ചെയ്യാവുന്നതാണ്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, ഡോക്യുമെന്റേഷൻ എന്നിവയ്ക്ക് വരുന്ന ചെലവ് പദ്ധതിയുടെ ഭരണനിർവ്വഹണ ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്.

14. സംഘടനാ സംവിധാനം -

A. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ആയിരിക്കും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.

B. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വകുപ്പുകൾ/ എജൻസികൾ എന്നിവയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ, കുടുംബശ്രീ CDS ചെയർപേഴ്സൺ, നീർത്തട കമ്മിറ്റി ഭാരവാഹികൾ എന്നിവർ അടങ്ങിയ ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. BPO/JBDO(NREGS) നെ ഈ കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവ് ആയി ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. നീർത്തട പ്രദേശം ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെട്ടു വരുന്ന സാഹചര്യത്തിൽ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനാകേണ്ടതും മറ്റ്

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ ഉപാദ്ധ്യക്ഷന്മാർ ആകേണ്ടതുമാണ്. സമാനമായ രീതിയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ കമ്മിറ്റിയുടെ കൺവീനർ, ജോയിന്റ് കൺവീനർ ചുമതലകളും വഹിക്കേണ്ടതാണ്.

C. നീർത്തട കമ്മിറ്റി - ഗ്രാമപഞ്ചായത്തു വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ ആയി നീർത്തട കമ്മിറ്റി രൂപീകരിക്കണം. നീർത്തട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ ഉപാദ്ധ്യക്ഷർ ആയിരിക്കും. വി.ഇ.ഒ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കും പ്രകാരം കൺവീനർ ആയിരിക്കണം. MGNREGS അക്രഡിറ്റഡ് എൻജിനിയർ/ഓവർസിയർ ജോയിന്റ് കൺവീനർ ആകണം. നീർത്തട കമ്മിറ്റിയിൽ 10-15 അംഗങ്ങൾ ഉണ്ടായിരിക്കണം. കുടുംബശ്രീ ADS ചെയർപേഴ്സൺമാർ, നീർത്തട അയൽക്കൂട്ടങ്ങളുടെ പ്രതിനിധികൾ, തൊഴിലുറപ്പ തൊഴിലാളികൾ/മേറ്റുമാർ, കർഷകർ, കർഷക തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുടെ പ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ ഫീൽഡുതല ഉദ്യോഗസ്ഥർ എന്നിവരെ നീർത്തട കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. നീർത്തട കമ്മിറ്റിയിൽ 50% വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം. ജനസംഖ്യാനുപാതികമായി മതിയായ എണ്ണം പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെയും നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.

**നീർത്തട കമ്മിറ്റിയുടെ ചുമതലകൾ -**

a. നീർത്തട പ്രദേശത്ത് ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനായി ബോധവല്കരണ പ്രവർത്തനങ്ങൾ ക്യാംപയിൻ അടിസ്ഥാനത്തിൽ ഏറ്റെടുക്കുക.

b. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വിപുലമായ സോഷ്യൽ മൊബിലൈസേഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

c. പദ്ധതി പ്രദേശത്തിന് അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനായി ഫീൽഡു സർവ്വേ നടത്തുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നല്കുക. സർവ്വേ കുറ്റമറ്റ രീതിയിൽ എല്ലാ പ്രദേശങ്ങളിലും നടക്കുന്നു എന്ന് ഉറപ്പ

വരുത്തുക.

d. പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നീർത്തടത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് താഴോട്ട് എന്ന ക്രമത്തിൽ യഥാസമയം ശാസ്ത്രീയമായി നിർവ്വഹണം നടക്കുന്നു എന്നുറപ്പ് വരുത്തൽ.

e. നീർത്തട അയൽക്കൂട്ടങ്ങളുടെ ഏകോപനം

f. നീർത്തട ഗ്രാമസഭകളുടെ സംഘാടനം

g. പദ്ധതി പ്രദേശത്തെ സംയോജന സാധ്യതകൾ കണ്ടെത്തുകയും പദ്ധതി നിർവഹണത്തിൽ വിവിധ പദ്ധതികളുമായിട്ടുള്ള സംയോജനം ഉറപ്പുവരുത്തലും.

h. പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുക

i. പരിശീലന ആവശ്യങ്ങൾ കണ്ടെത്തുകയും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

j. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ, തർക്കങ്ങൾ എന്നിവയ്ക്ക് ഉചിതമായ പരിഹാരങ്ങൾ കണ്ടെത്തുക.

D) നീർത്തട ഗ്രാമസഭകൾ - പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന വാർഡുകളിലെ ജനങ്ങളെ ഉൾക്കൊള്ളിച്ച് നീർത്തട ഗ്രാമസഭകൾ രൂപീകരിക്കേണ്ടതാണ്. പദ്ധതി രേഖയുടെ അംഗീകാരം, പദ്ധതി നിർവ്വഹണത്തിന്റെ സമയബന്ധിതമായ പുരോഗതി റിപ്പോർട്ടിങ്ങ് എന്നിവയ്ക്കായി നീർത്തട ഗ്രാമസഭ വിളിച്ചു ചേർക്കേണ്ടതാണ്.

15. സമഗ്ര പദ്ധതി രേഖയുടെ കരട് റിപ്പോർട്ട് തയ്യാറായി കഴിഞ്ഞാൽ അത് ഗ്രാമപഞ്ചായത്തുതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് അവതരിപ്പിക്കണം. ഈ മീറ്റിങ്ങിൽ MGNREGS ജില്ലാ എൻജിനിയർ കൂടി പങ്കെടുക്കേണ്ടതാണ്. നീർത്തടാധിഷ്ഠിതമായി തയ്യാറാക്കിയിട്ടുള്ള സമഗ്ര പദ്ധതി രേഖ പവർ പോയിന്റ് പ്രസന്റേഷൻ രൂപത്തിൽ കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി അവതരിപ്പിച്ചു ചർച്ച ചെയ്യേണ്ടതാണ്. അനുവദനീയമായ എല്ലാ പ്രവൃത്തികളും ഉൾപ്പെട്ടു വന്നിട്ടുണ്ടോയെന്നും ശാസ്ത്രീയമായി ആണോ പ്രവൃത്തികൾ കണ്ടെത്തിയിട്ടുള്ളതെന്നും സംയോജന സാധ്യതകൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പു വരുത്തണം.

16. കോർഡിനേഷൻ കമ്മറ്റി ചർച്ച ചെയ്തു അംഗീകരിച്ച പദ്ധതി രേഖ തൊഴിലുറപ്പു പദ്ധതിയുടെ

ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവയുടെ ഭാഗമാക്കേണ്ടതും പദ്ധതി അംഗീകാരത്തിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തന്നെ ഗ്രാമ-ബ്ലോക്ക് - ജില്ലാതലങ്ങളിൽ അംഗീകാരം വാങ്ങേണ്ടതുമാണ്.

17.വലിയ അളവിൽ പ്രവൃത്തികൾ കണ്ടെത്തപ്പെടുന്ന സാഹചര്യത്തിൽ തുടർന്നു വരുന്ന വിവിധ വർഷങ്ങളിലെ പദ്ധതിയിൽ പ്രവൃത്തികൾ യഥാവിധി ഉൾക്കൊള്ളിച്ചാൽ മതിയാകുന്നതാണ്.

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജോയിന്റ് ബി.ഡി.ഒ (ആർ.ഇ.ജി.എസ്) എന്നിവർ ഗ്രാമപഞ്ചായത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നല്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ബ്ലോക്ക് എൻജിനിയർ നല്കേണ്ടതാണ്.

സമഗ്ര പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള മാതൃകാ ഫോർമാറ്റ് (അനുബന്ധം 1) ആയി നല്കിയിരിക്കുന്നു.

4.2.2 നീർത്തട പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ സ്വീകരിക്കേണ്ടതാണ്.

- ഒറ്റയൊറ്റയായി ജലസംരക്ഷണ പ്രവൃത്തികൾ കണ്ടെത്തുന്നത് ഒഴിവാക്കി ഗ്രാമപഞ്ചായത്തിൽ ഒരുസമഗ്ര നീർത്തട പദ്ധതി തയ്യാറാക്കി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തിലെ മുഴുവൻ നീർച്ചാലുകളേയും കണ്ടെത്തി അടയാളപ്പെടുത്തുകയും നീർച്ചാൽ ശൃംഖലകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും സാധ്യമായ മുഴുവൻ പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.
- പൊതു-സ്വകാര്യഭൂമികളിൽ മുഴുവനായി പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കും വിധം GIS അധിഷ്ഠിത NET പ്ലാനുകൾ ഓരോ ഗ്രാമപഞ്ചായത്തിലും തയ്യാറാക്കേണ്ടതാണ്. ഇതിനായി നിലവിൽ തയ്യാറാക്കി വരുന്ന GIS അധിഷ്ഠിതപ്ലാനുകളെ നീർത്തടാധിഷ്ഠിതമായി പുന:സംഘടിപ്പിക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തിൽ നീർത്തടപദ്ധതികൾ രൂപപ്പെടുത്തുന്നതിന് കൃഷി, മണ്ണുസംരക്ഷണം, ജലവിഭവം തുടങ്ങിയവ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.
- എല്ലാ പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളും പ്രകൃതി ദുരന്ത സാധ്യതകൾ ലഘൂകരിക്കുന്നവിധത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- പ്രവൃത്തികൾ തിരഞ്ഞെടുക്കുമ്പോൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള ദുരന്തസാധ്യതാ മാപ്പുകളിൽ ലഭ്യമായ വിവരങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്തിലെ മുഴുവൻ കിണറുകളും റീച്ചാർജ്ജ് ചെയ്യുന്നതിന് പദ്ധതി ഉണ്ടാകേണ്ടതാണ്. പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി തൊഴിലുറപ്പ പദ്ധതിയിൽപ്പെടുത്തി കിണർ റീച്ചാർജിങ് ചെയ്യേണ്ടതാണ്. മറ്റ വിഭാഗത്തിൽപ്പെട്ടവർക്ക് അനുയോജ്യമായ പദ്ധതികളിൽ ഉൾപ്പെടുത്തിയോ സ്വന്തം നിലയിലോ ഈ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കേണ്ടതാണ്. കിണർ റീച്ചാർജിങ് ചെയ്യുന്നതിന് കുടുംബശ്രീ ഗ്രൂപ്പുകളെ പരിശീലനം നല്കി തയ്യാറാക്കേണ്ടതാണ്.

- എല്ലാ സർക്കാർ കെട്ടിടങ്ങളിലും മേൽപ്പുര മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്നതിന് ഫെറോസിമന്റ് ടാങ്കുകൾ തൊഴിലുറപ്പപദ്ധതിയിൽ നിർമ്മിക്കേണ്ടതാണ്.

- നീർച്ചാലുകളുടെയും തോടുകളുടെയും കനാലുകളുടെയും വശങ്ങൾ ഇടിഞ്ഞു പോകാതെ കയർ ഭൂവസ്ത്രം അടക്കമുള്ള പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചു സംരക്ഷിക്കേണ്ടതാണ്.

- ചെറുകിടജലസേചനം, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ പദ്ധതികളിലെ അവിദഗ്ദ്ധ തൊഴിൽ ഘടകം ഫലപ്രദമായി സംയോജിപ്പിക്കാൻ കഴിയുന്നതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 1994 അനുസരിച്ച് കൃഷി, മണ്ണ്സംരക്ഷണം, മൃഗസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലെ എല്ലാ വികസന പ്രവൃത്തനങ്ങളും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

- ഇതുപോലെ പഞ്ചായത്തിലെ എല്ലാ പൊതുനീർച്ചാലുകൾ, അതിന്റെ തീരപ്രദേശം എന്നിവയും ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നവയാണ്. ആയതിനാൽ മേൽപ്പറഞ്ഞിരിക്കുന്ന എല്ലാ വികസന മേഖലയിലും വരുന്ന വികസനപദ്ധതികളും പരിശോധിച്ച് പഞ്ചായത്ത് ആസൂത്രണസമിതി അനുമതി നൽകേണ്ടതാണ്. കരട് പദ്ധതിരേഖകൾ പഞ്ചായത്ത് ആസൂത്രണ സമിതി മുമ്പാകെ അവതരിപ്പിച്ചു കഴിഞ്ഞാൽ കമ്മിറ്റിക്ക് സംയോജന സാധ്യതകൾ ഫലപ്രദമായി ശുപാർശ ചെയ്യുവാൻ കഴിയും. എന്നാൽ നിലവിൽ വകുപ്പുകൾ എല്ലാം തന്നെ സ്വന്തം നിലയിൽ പദ്ധതികൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന നീർത്തട പദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിവിധപദ്ധതികളിൽ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളൂ എന്നു തീരുമാനിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്തിൽ മരം നടാൻ അനുയോജ്യമായ സ്ഥലങ്ങൾ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തി വൃക്ഷവൽകരണ പ്രവർത്തനം ഏറ്റെടുക്കണം. നടുന്ന തൈകളുടെ 3 മുതൽ 5 വർഷം വരെയുള്ള പരിപാലനം തൊഴിലുറപ്പ പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട് എന്നത് ഉറപ്പാക്കേണ്ടതാണ്.

- വൃക്ഷതൈകൾ ഉല്പാദിപ്പിക്കുന്നതിന് പൊതുഭൂമികളിൽ നഴ്സറികൾ സ്ഥാപിക്കണം. തൊഴിലുറപ്പ തൊഴിലാളികൾക്ക് ബഡിങ്, ഗ്രാഫ്റ്റിങ് എന്നിവയിൽ പരിശീലനം നല്കിയാൽ മെച്ചപ്പെട്ടയിനം ഫലവൃക്ഷതൈകൾ ഉല്പാദിപ്പിക്കുവാൻ സാധിക്കും. Grafting –ന് ആവശ്യമായ നൈപുണ്യം വളർത്തുന്നതിന് തൊഴിലാളികൾക്ക് അടുത്തുള്ള KVK വഴി പരിശീലനങ്ങൾ നൽകേണ്ടതാണ്. Grafting ആവശ്യമായ scion plant graft പ്രാദേശികമായി കർഷകരിൽ നിന്നും ശേഖരിക്കേണ്ടതാണ്.

- പൊതു സ്ഥലത്ത് നടുന്ന മരങ്ങളിൽ നിന്നുള്ള ആദായം ദുർബല വിഭാഗം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

- കാർഷിക കാലാവസ്ഥയെ അടിസ്ഥാനമാക്കി ഓരോ ജില്ലയിലും ഒന്നോ, രണ്ടോ തരം ഉയർന്ന വിള ലഭിക്കുന്ന ഗ്രാഫ്റ്റ് ഫലവൃക്ഷതൈകൾ നഴ്സറികളിൽ വളർത്തി ചെറുകിടനാമമാത്ര കർഷകർക്ക് ലഭ്യമാക്കിയാൽ മികച്ച ലാഭം ലഭിക്കുന്നതിനോടൊപ്പം മൂല്യവർദ്ധനവിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതാണ്. വ്യക്തിഗത പ്രവർത്തനങ്ങളുടെ ഭാഗമായി ഈ പ്രവൃത്തി ഏറ്റെടുക്കുന്നത് ചെടികളുടെ നിലനിൽപ്പ് ഉറപ്പാക്കേണ്ടതാണ്.

- നീർച്ചാലുകൾ, കനാലുകൾ, നദികൾ എന്നിവയുടെ ഓരങ്ങളിൽ മുള, രാമച്ചം , തീറ്റപ്പുൽ പോലെ കാലങ്ങളോളം നിലനിൽക്കുന്ന പുല്ലുകൾ എന്നിവ വച്ചു പിടിപ്പിക്കുന്നതിന് പദ്ധതിയുണ്ടാക്കേണ്ടതാണ്.

- മുളയെ പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കർഷകർക്ക് വരുമാനം ഉണ്ടാക്കുന്നതിനുള്ള ഒരു ഉറവിടമായും ഇതിന് കഴിയും. ശരിയായ മാർക്കറ്റിംഗ് ഉറപ്പ് വരുത്തികൊണ്ട് ഇവയുടെ കൃഷി വ്യാപിപ്പിക്കാൻ കഴിയേണ്ടതാണ്. പല ഗ്രാമീണ കുടിൽ വ്യവസായങ്ങളിലും അസംസ്കൃതവസ്തുവായി ഇതിനെ ഉപയോഗിക്കാവുന്നതാണ്. ഇതുകൂടാതെ വ്യാവസായിക അസംസ്കൃത വസ്തുവെന്ന നിലയിലും മുളയ്ക്ക് പ്രാധാന്യമേറെയാണ്.

- അനുയോജ്യമായ ഇടങ്ങളിൽ കണ്ടൽക്കാടുകൾ വളർത്തിയെടുക്കുന്നതിന് തൊഴിലുറപ്പുപദ്ധതിയിൽ പ്രത്യേക പരിഗണന നല്കിഏറ്റെടുക്കേണ്ടതാണ്.
- കടൽതീരങ്ങളിൽ തിരമാലകളുടെ ആഘാതം കുറയ്ക്കുന്നതിനും തീരശോഷണത്തെ പ്രതിരോധിക്കുന്നതിനും അനുയോജ്യമായ കാറ്റാടി തുടങ്ങിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

**4.2.3. വ്യക്തിഗത പദ്ധതികൾ:**

എ) ഭൂമിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ

ബി) ബയോമാസ്സിന്റെ അളവ് കൂട്ടുന്നതിനുള്ള പരിപാടികൾ

സി) ജൈവ വൈവിദ്ധ്യം കൂട്ടുന്നതിനുള്ള പദ്ധതികൾ

ഡി) ജലസേചനത്തിനായി കുളം നിർമ്മാണം

ഇ) നിലവിലെ ജലസ്രോതസ്സുകളായ കിണറുകൾ
റീചാർജ്ജ് ചെയ്ത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

എഫ്) ക്ഷീര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള തൊഴുത്ത്
തുടങ്ങിയ മൃഗസംരക്ഷണപരിപാടികൾക്കുള്ള അടിസ്ഥാന
സൗകര്യമൊരുക്കൽ

ഫാം പോണ്ടുകൾ കൃഷിയ്ക്കുപയുക്തമാകുന്നവിധത്തിൽ മാത്രം നിർമ്മിക്കേണ്ടതാണ്.

4.3.PMKSY പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ പ്രോജക്ട് സമീപനത്തോടെ നീർത്തടവികസന പ്രവൃത്തികൾ സ്വതന്ത്രമായി ഏറ്റെടുക്കാൻ കഴിയും. ഇത്തരം പ്രവൃത്തികൾ സമഗ്ര നീർത്തട പദ്ധതിയുടെ ഭാഗമായിട്ടല്ലാതെ തനതായി ഏറ്റെടുക്കാൻ പാടുള്ളതല്ല.

4.4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻകീഴിലുള്ള നീർത്തട പരിപാലന പ്രവൃത്തികൾ PMKSY യുമായി സമന്വയിപ്പിച്ചുകൊണ്ട് PMKSY നിലവിൽ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ പുതുതായി പോജക്ട് നടപ്പിലാക്കാനുദ്ദേശിക്കുന്നതോ ആയ പ്രദേശത്ത് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം ഏറ്റെടുക്കുമ്പോൾ പ്രവൃത്തികളുടെ ഇരട്ടിപ്പ് (ആവർത്തനം) ഉണ്ടാകാൻ പാടില്ല.

4.5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ, നീർച്ചാലുകൾക്ക് കുറുകേ,

മൺചാക്കുകൾ അടുക്കുന്നതിന് അനുവാദമില്ലാത്തതിനാൽ പകരമായി, ചരിവുകുറഞ്ഞതോ സമതലമോ ആയ പ്രദേശങ്ങളിൽ എർത്തേൺ ഡാം നിർമ്മിക്കാം. (പക്ഷേ വാട്ടർസ്റ്റോറേജ് നീർച്ചാലിൽ ആകരുത്) കൂടാതെ തടയണകൾ തമ്മിലുള്ള അകലം വർദ്ധിപ്പിച്ചുകൊണ്ട് ഗ്യാബീയോൺ നിർമ്മിക്കാം. കേരളത്തിൽ ലഭിക്കുന്ന മഴയുടെ തോത് വച്ച് നീർച്ചാലുകളിൽ എർത്തേൺ പ്ലഗ്ഗ് അഭികാമ്യമല്ല. എന്നാൽ first order drain/ ചെറിയ gullies തുടങ്ങി വർഷകാലത്തേയ്ക്ക് മാത്രം ഒഴുക്കുള്ള സ്ഥലത്ത് നിർമ്മിക്കാവുന്നതാണ്.

4.6. മഴവെള്ള പാച്ചിലിന്റെ ആഘാതങ്ങൾ ലഘൂകരിക്കൽ, മഴവെള്ളകൊയ്ത്ത്, തരിശുനിലങ്ങളെ കൃഷിയ്ക്ക് ഉപയുക്തമാക്കൽ, ലഭ്യമായ എല്ലാ പൊതുസ്ഥലങ്ങളും ഉല്പാദനക്ഷമമാക്കൽ, പട്ടികജാതി-പട്ടികവർഗ്ഗ, ചെറുകിട നാമമാത്ര കർഷകരുടെ ഭൂവികസനം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള സംയോജിത പ്രകൃതിവിഭവ പരിപാലനത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും അതുവഴി ആജീവന വ്യവസ്ഥ ശക്തിപ്പെടുത്തലും ലക്ഷ്യമാക്കേണ്ടതാണ്

4.7. പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ സംയോജിത പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങളും വ്യക്തികളുടെ ഭൂമിയിലെ പ്രവൃത്തികളും നീർത്തടാധിഷ്ഠിത ഇടപെടലിന്റെ ഭാഗമായി യുക്തിപൂർവ്വം കോർത്തിണക്കാവുന്നതാണ്. സുസ്ഥിരവും ഉല്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണത്തിന് ചിട്ടയോടുകൂടിയ പ്രവൃത്തികളുടെ തെരഞ്ഞെടുപ്പും അതിന്റെ നിർവ്വഹണവും അത്യന്താപേക്ഷിതമാണ്.

4.8. 2014 ജനുവരി മാസം 3-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക I-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഇടപെടുന്നതിന് പദ്ധതി തയ്യാറാക്കുമ്പോൾ, പട്ടിക I ഖണ്ഡിക 5-ൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങൾക്ക് മുൻഗണന നൽകി അവരുടെ ഭൂമിയിൽ മതിയായ രീതിയിൽ ഇടപെടലുകൾ നടത്തിയതിന് ശേഷം മാത്രമേ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുള്ളൂ. 2022-23 സാമ്പത്തിക വർഷത്തേക്കുള്ള പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുന്ന വേളയിലും പട്ടിക I ഖണ്ഡിക 5 വിഭാഗത്തിൽ മുൻഗണനക്ക് അർഹരായിട്ടുള്ള എല്ലാ വിഭാഗങ്ങളുടെയും ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ സമഗ്ര നീർത്തടാധിഷ്ഠിതമായി പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കുന്നിൻ മുകളിൽ നിന്നും താഴേക്ക് എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് മേൽപ്പറഞ്ഞ മുൻഗണനാക്രമം പാലിക്കേണ്ടതില്ല.

4.9 പശ്ചിമ ഘട്ടത്തിലെ ചരിവേറിയ പ്രദേശങ്ങളിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെടുന്ന രീതി അവലംബിക്കുവാൻ പാടില്ലാത്തതാണ്.

**ചരിവ് കൂടിയ പ്രദേശങ്ങളിൽ അശാസ്ത്രീയമായി മഴക്കുഴികൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.**

4.10 സംസ്ഥാനത്ത്, പ്രകൃതി സമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ട് നൂതനമായ ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള 'ജലസുഭിക്ഷ' എന്ന പ്രോജക്ട് വീടുകളിലെ കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശേഖരിച്ച് കിണറുകളിൽ എത്തിക്കുന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പ്രവർത്തനത്തിലൂടെ ജലലഭ്യത വൻതോതിൽ വർദ്ധിപ്പിക്കുവാൻ സാധിക്കും. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട ഇടപെടലാണ് നദീസംരക്ഷണം. നദികളുടെ ജലസംവഹനശേഷി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ജലസംരക്ഷണത്തിനായി സംസ്ഥാന സർക്കാർ 'ഹരിതകേരളം' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നദീതടങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ വൃഷ്ടിപ്രദേശങ്ങളുടെ പാരിസ്ഥിതിക സന്തുലനാവസ്ഥ പുനസ്ഥാപിക്കുന്നതിനും ആവശ്യമായ ഇടപെടലുകളാണ് ഹരിതകേരളം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഹരിതകേരളം പദ്ധതി വിജയിപ്പിക്കുന്നതിന് മുഖ്യസംഭാവന നൽകാൻ തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ നദീതട സംരക്ഷണത്തിനും പുന:രുജ്ജീവനത്തിനും ഉതകുന്ന പ്രവൃത്തികൾക്ക് മുന്തിയ പരിഗണന നൽകേണ്ടതാണ്. 2022-23 ലെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ കേന്ദ്രസർക്കാർ മുൻഗണനാ പ്രവൃത്തികളായി നിർദ്ദേശിച്ചിട്ടുള്ള കുളങ്ങളുടെ നിർമ്മാണം, വില്ലേജ് ഹാട്ടുകൾ, കമ്പോസ്റ്റ്/ സോക്ക്പിറ്റ് യൂണിറ്റുകൾ, അംഗൻവാടി നിർമ്മാണം, ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ പ്രാധാന്യം നൽകിയിട്ടുള്ള വ്യക്തിഗത ആനുകൂല്യങ്ങളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, തീറ്റപ്പുൽകൃഷി, ആസോളടാങ്ക് തുടങ്ങിയ പ്രവൃത്തികൾക്കും കൂടാതെ സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഡൈനിംഗ് ഹാൾ, സ്വയംസഹായസംഘങ്ങൾക്ക് വർക്ക്ഷെഡ്, ഗ്രാമചന്തകൾ, മിനി MCF-കൾ എന്നിവയ്ക്കും പ്രാധാന്യം കൊടുത്ത് ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണത്തിന് 230 തൊഴിൽദിനങ്ങൾ നീക്കിവയ്ക്കുന്നവിധം പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

5. ഒരു സാമ്പത്തിക വർഷം മൊത്തം ചെലവിന്റെ ചുരുങ്ങിയത് 60 ശതമാനമെങ്കിലും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധം-II ആയി ചേർത്തിട്ടുള്ളതാണ്.

6. 2022-23 സാമ്പത്തിക വർഷത്തിലും കിണർ റീചാർജ്ജിംഗിന് മുന്തിയ പരിഗണന നൽകേണ്ടതാണ്.

7. പ്രവൃത്തികളിലെ ആകെ ലേബർ: മെറ്റീരിയൽ അനുപാതം ഗ്രാമപഞ്ചായത്ത് തലത്തിൽ 60:40 പാലിക്കേണ്ടതാണ്.

8. DAY-NRLM പദ്ധതിയിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായസംഘങ്ങളുടെ പങ്കാളിത്തം നീർത്തട വികസന പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ചും മിഷൻ വാട്ടർ കൺസർവേഷൻ ബ്ലോക്കുകളിലെ ആസൂത്രണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലെ ക്ലസ്റ്റർ ഫെസിലിറ്റേഷൻ ടീമുകളും DAY-NRLM പദ്ധതിയിൽ ബ്ലോക്ക് ക്ലസ്റ്ററുകളും സജീവമായി പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. 2022-23 സാമ്പത്തിക വർഷം നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്കും പ്രളയ പ്രതിരോധ പ്രവർത്തനങ്ങൾക്കും, വ്യക്തിഗത ആനുകൂല്യങ്ങൾക്കും ഊന്നൽ നൽകുന്നതിനാൽ റോഡ്, നടപ്പാത തുടങ്ങിയ പ്രവൃത്തികളുടെ ചെലവ് എല്ലായിപ്പോഴും ഒരു പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.

10. തൊഴിലുറപ്പ് പദ്ധതിയും ഇതരവകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ :

ഓരോ ഗ്രാമപഞ്ചായത്തിലും തൊഴിലുറപ്പുപദ്ധതിയിൽ ഓരോ വർഷവും ശരാശരി 3-4 കോടി രൂപ ചിലവഴിക്കപ്പെടുന്നുണ്ട്. പ്രധാനമായും ജലസംരക്ഷണം, ഭൂവികസനം, കാർഷിക-മൃഗസംരക്ഷണം, ഗ്രാമീണ അടിസ്ഥാന സൌകര്യ വികസനം തുടങ്ങിയ മേഖലകളിലാണ് ഈ തുക വിനിയോഗിക്കപ്പെടുന്നത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതമുപയോഗിച്ചും കൈമാറിക്കിട്ടിയ വകുപ്പുകളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും വലിയ തോതിൽ വികസനപ്രവർത്തനങ്ങൾ വേറെയും നടന്നു വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം കാര്യമായ ഏകോപനം ഇല്ലാതെയും സംയോജന സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താതെയുമാണ് ഇപ്പോൾ നിർവഹണം നടത്തി വരുന്നത്. ഒരു ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത വകുപ്പുകൾ നടത്തുന്ന പ്രവൃത്തികൾ എല്ലാം തന്നെ ഒരു സമഗ്രപദ്ധതിയുടെ ഭാഗമായി പരസ്പരപൂരകങ്ങളായി നടത്താൻ സാധിച്ചാൽ അത് ആ പ്രദേശത്തിന്റെ സർവതോൻമുഖമായ പുരോഗതിക്ക് സഹായകരമായിത്തീരും. സംയോജന സാധ്യതകളുള്ള ചില മേഖലകൾ ചുവടെ നൽകുന്നു.

**10.1. സുഭിക്ഷ കേരളം**

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ കോവിഡ് വ്യാപനം മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി

ഘട്ടത്തിൽ കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി, ഭക്ഷ്യ സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂവെന്നും സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കാർഷിക-അനുബന്ധ മേഖലകളിൽ ഉല്പാദനവർദ്ധനവും വിപണന സൗകര്യവും ഉറപ്പുവരുത്തുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിരവധി ഇടപെടലുകൾ സാധ്യമാണ്.

ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആകെച്ചെലവിന്റെ 60% തുകയെങ്കിലും വിനിയോഗിക്കുന്നത് കൃഷി-കൃഷി അനുബന്ധ മേഖലകളുമായി നേരിട്ടു ബന്ധപ്പെടുന്നതും മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ പരിപോഷിപ്പിക്കുന്നതുമായ ഉല്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളിലായിരിക്കണം എന്ന് തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കാർഷിക- അനുബന്ധ മേഖലകളിൽ താഴെപ്പറയും പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സാധിക്കും: -

- വർഷങ്ങളായി തരിശുകിടക്കുന്ന പൊതുഭൂമിയും പാർശ്വവല്കൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയും കൃഷിക്കുപയുക്തമാക്കുന്നതിന് ഭൂമി നിരപ്പാക്കൽ, തട്ടുതിരിക്കൽ, പുതിയ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ. **നിലം ഉഴൽ, കാട്ടുവെട്ടൽ, പുല്ലുചെത്തൽ, വിതയ്ക്കൽ, കൊയ്യൽ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല.**

- പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും ജലസേചന കുളങ്ങൾ / കിണറുകൾ നിർമിക്കൽ

- പൊതുകുളങ്ങളുടെ പുനരുദ്ധാരണം

- ജലസേചന ചാലുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

- വെള്ളക്കെട്ടുള്ള കൃഷിഭൂമിയിൽ നിന്നും അധികജലം ഒഴുകിപ്പോകുന്നതിനുള്ള ചാലുകൾ നിർമ്മിക്കൽ

- ഫല വൃക്ഷത്തൈകൾ നട്ടു പരിപാലിക്കൽ
- നാളികേര കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായി ഭൂമി ഒരുക്കൽ, കുഴികൾ തയ്യാറാക്കി തൈകൾ നടീൽ, രണ്ടു വർഷക്കാലത്തേക്കുള്ള പരിചരണ പ്രവൃത്തികൾ
- മണ്ണും ജലവും സംരക്ഷിക്കുന്നതിനാവശ്യമായ മൺകയ്യാല, മഴക്കുഴികൾ തുടങ്ങിയ വിവിധ നീർത്തടാധിഷ്ഠിത പ്രവൃത്തികൾ
- ജൈവവേലി നിർമ്മിക്കൽ
- കാർഷിക ഉല്പന്നസംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കൽ
- മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവയുടെ നിർമ്മാണം
- അസോള ടാങ്ക് നിർമ്മാണം
- തീറ്റപ്പുൽകൃഷി
- മത്സ്യക്കൃഷിക്കുള്ള കുളങ്ങളുടെ നിർമ്മാണം
- കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളുടെ നിർമ്മാണം
- കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമചന്തകളുടെ നിർമ്മാണം
- കാർഷിക ഉല്പന്ന സംസ്കരണത്തിലേർപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക്ഷെഡ് നിർമ്മാണം

**10.2.ഫിഷറീസ് ഡിപ്പാർട്ട്മെന്റ്**

നീർത്തട മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ഉൾനാടൻ ജലസോത്രോസ്സുകൾ തൊഴിലുറപ്പ് പദ്ധതിയിൽ പുനരുദ്ധാരണം നടത്തി മത്സ്യകൃഷി ഏറ്റെടുക്കാവുന്നതാണ്.

'മത്സ്യ സമൃദ്ധി' പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല മത്സ്യഹാച്ചറി, ഉപ്പുജല മത്സ്യകൃഷി വികസന പദ്ധതി, പുതിയ കുളങ്ങളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതി

ഘടകം ഏറ്റെടുക്കാവുന്ന മേഖലകളിൽ സംയോജിപ്പിക്കാവുന്നതാണ്. മത്സ്യ ബന്ധന തൊഴിലാളി കുടുംബങ്ങൾക്ക് കക്കൂസ് (അന്ത്യോദയ ഗ്രാമപഞ്ചായത്തുകളിൽ മാത്രം), ഖരദ്രവ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യം, എന്നിവയും മത്സ്യബന്ധന തൊഴിലാളി കോളനികളിൽ സിമന്റ് കോൺക്രീറ്റ്, ഇൻററർലോക്ക് കട്ടകളുപയോഗിച്ചുള്ള റോഡ് നിർമ്മാണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

- മുൻവർഷങ്ങളിൽ തൊഴിലുറപ്പപദ്ധതിയിൽ നവീകരിച്ച പൊതുകുളങ്ങളിൽ അനുയോജ്യമായ ഗ്രൂപ്പുകളെ ചുമതലപ്പെടുത്തി മത്സ്യകൃഷി ഏറ്റെടുക്കേണ്ടതാണ്.

- സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷങ്ങളിലായി നിരവധി ഫാംപോണ്ടുകൾ നിർമിച്ചിട്ടുണ്ട്. ഇവയിൽ മത്സ്യം വളർത്താൻ താല്പര്യം ഉള്ള ഗുണഭോക്താക്കളെ കണ്ടെത്തി കുടുംബശ്രീമിഷൻ, കില എന്നിവയുടെ സഹായത്തോടെ പരിശീലനം നല്കി മത്സ്യകൃഷി ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കാവുന്നതാണ്. മത്സ്യക്കുഞ്ഞുങ്ങൾ, മറ്റു സാങ്കേതിക സഹായം എന്നിവ ഫിഷറീസ് വകുപ്പ്, പഞ്ചായത്ത് പദ്ധതി വിഹിതം എന്നിവയിലൂടെ കണ്ടെത്തേണ്ടതാണ്.

- തീരപ്രദേശമുള്ള പഞ്ചായത്തുകളിൽ മത്സ്യം ഉണക്കുന്നതിനുള്ള യാർഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പിലാക്കണം.

**10.3.സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ**

മണ്ണുജല സമ്പത്തുകളുടെ ഘടന, തരം എന്നിവ സംബന്ധിച്ച് സാങ്കേതിക വിജ്ഞാനം നൽകുന്നതിനും വികസന പ്ലാനുകൾ തയ്യാറാക്കുന്നതിനും മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. നീർത്തട പ്ലാനുകൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് സഹായകരമായ ഭൂവിഭവങ്ങളുടെയും, ഭൂമിയുടെയും വിവിധ തരത്തിലുള്ള മാപ്പുകൾ മണ്ണ് സർവ്വേ വിഭാഗത്തിൽ ലഭ്യമാണ്. കൂടാതെ നീർത്തട പ്രദേശത്തെ കർഷകർക്ക് അവരുടെ മണ്ണിന്റെ ഗുണമേന്മ അറിയുന്നതിന് soil health card പദ്ധതികളും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കാൻ കഴിയും. മണ്ണ്- സംരക്ഷണ വിഭാഗം നടപ്പിലാക്കി വരുന്ന നിർത്തട വികസന പദ്ധതികളിലെ അവിദഗ്ധ തൊഴിൽ ഘടകം തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും വിനിയോഗിക്കാവുന്നതും നീർത്തട പ്ലാനുകൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായവും, പരിശീലനവും ബന്ധപ്പെട്ട വകുപ്പിൽ നിന്നു ലഭ്യമാക്കാവുന്നതാണ്.

### 10.4.ജലസേചന വകുപ്പ്

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കനാലുകളുടെ സംരക്ഷണ പ്രവൃത്തികൾ. ജലസേചന വകുപ്പിന്റെ അനുമതി സാങ്കേതിക സഹായം എന്നിവയ്ക്ക് വിധേയമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നവയാണ്. പദ്ധതികൾ ഏറ്റെടുക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ 2020-21 വാർഷിക മാസ്റ്റർ സർക്കുലറിന്റെ ഖണ്ഡിക 7.4.10 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും 7.12.2 ൽ പരാമർശിച്ചിട്ടുള്ള ഈട് ഉറപ്പാക്കിയിരിക്കേണ്ടതുമാണ്.

ജലസേചന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ശാസ്ത്രീയമായ സർവ്വേ, ആസൂത്രണം എന്നിവ നടത്തേണ്ടതാണ്. യഥാർത്ഥ ആവശ്യത്തിനനുസൃതമായി ജലസേചന കനാലിന്റെ സമഗ്ര പുനഃരുദ്ധാരണത്തിന് വേണ്ടിയാകണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇറിഗേഷൻ വകുപ്പുമായി സംയോജിച്ച് പ്രവൃത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 17.11.2016 ലെ ജി.ഒ (ആർ.റ്റി) നം.3125/2016/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കൂടാതെ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടുള്ള മുഴുവൻ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. Desilting-നുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ Desilting-നുള്ള റേറ്റ് ഉപയോഗിക്കേണ്ടതാണ്. Earthwork excavation റേറ്റ് ഉപയോഗിക്കാൻ പാടില്ല. എസ്റ്റിമേറ്റ് ജലസേചന വകുപ്പിന്റെ vetting -ന് വിധേയമാക്കണം.

### 10.5. കൃഷിവകുപ്പ്

കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഭൂവികസന പ്രവർത്തനങ്ങൾ, ജലസേചനത്തിനുള്ള കിണർ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പച്ചക്കറികൃഷിക്കു തെരഞ്ഞെടുക്കുന്ന ഭൂമിയിലെ ബണ്ട് നിർമ്മാണം, ഭൂമിതട്ടുതിരിക്കൽ എന്നീ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. തരിശ്ശായി കിടന്ന ഭൂമിയിൽ നെൽകൃഷിക്ക് ബണ്ട് നിർമ്മാണം, ചാലുകീറൽ, ജലസേചനകുളം നിർമ്മാണം, നിലവിലുള്ള പൊതു കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാം. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'കേരഗ്രാമം' പദ്ധതിയിൽ ആവശ്യമായ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാം.

- അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് അന്തിമമാക്കുന്നതിനു മുമ്പ് കാർഷികവകുപ്പും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയുടെ ഗ്രാമപഞ്ചായത്തുതല ഉദ്യോഗസ്ഥരും സംയുക്തമായി ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കണം.

- തൊഴിലുറപ്പ പദ്ധതിയിൽ ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനുവേണ്ടിയുള്ള മറ്റു ആവർത്തന ചിലവുകൾ വിത്ത്, വളം, ജൈവകീടനാശിനി, വിള ഇൻഷ്വറൻസ് പഞ്ചായത്ത് പദ്ധതിവിഹിതം, കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, ഗുണഭോക്തൃ വിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്തേണ്ടതാണ്.

- തൊഴിലുറപ്പ് പദ്ധതി പ്രകാരം ഭൂവികസന പ്രവൃത്തികൾ എറ്റെടുക്കുന്ന തരിശുഭൂമിയിൽ പദ്ധതി വിഹിതമോ കൃഷി വകുപ്പിന്റെ പദ്ധതിയിൽപ്പെടുത്തിയോ കൃഷിയിറക്കുന്നതിനുള്ള മറ്റു സഹായങ്ങൾ ( വിത്ത്, വളം, ജൈവകീടനാശിനികൾ, വിള ഇൻഷ്വറൻസ്, മറ്റു സബ് സിഡികൾ തുടങ്ങിയവ) എത്തിക്കുവാൻ സാധിക്കും.

- കാർഷിക മേഖലയിലെ തൊഴിലുറപ്പ പദ്ധതിയിലെ ഇടപെടലുകൾ പഞ്ചായത്തിലെ മറ്റു കാർഷിക വികസന പ്രവർത്തനങ്ങൾക്ക് അനുപൂരകമായിരിക്കേണ്ടതും വിവിധ തരം ഫണ്ടുകളുടെ സംയോജനം പരമാവധി ഉറപ്പുവരുത്തേണ്ടതുമാണ്.

- കൃഷിവകുപ്പ് നടപ്പിലാക്കുന്ന ജൈവഗ്രാമപദ്ധതി (കന്നുകാലി, പുൽകൃഷി, പച്ചക്കറി ഉത്പാദനം) എന്ന പദ്ധതിയിലെ സംയോജന സാധ്യതയും പരിശോധിക്കേണ്ടതാണ് .

- ജലലഭ്യതക്കുറവു മൂലം ഗ്രാമപഞ്ചായത്തിൽ തരിശ്ശായി കിടക്കുന്ന മുഴുവൻ ഭൂമിയിലും വെള്ളം എത്തിക്കുവാൻ തൊഴിലുറപ്പപദ്ധതി പ്രകാരം നടപടി സ്വീകരിക്കണം. ഇതിനായി പുതിയ കനാലുകളുടെ നിർമ്മാണം, നിലവിലുള്ള കനാൽ ശൃംഖലയുടെ പുനരുദ്ധാരണം, കാർഷിക കുളങ്ങളുടെയും ജലസേചന കിണറുകളുടെയും നിർമ്മാണം എന്നീപ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കനാൽ സംയോജന പദ്ധതികളുടെ അവിദഗ്ധ വേതന ഘടകം തൊഴിലുറപ്പ് പദ്ധതി മുഖേന ഉപയോഗിക്കേണ്ടതാണ്.

- പഞ്ചായത്തിൽ ജലലഭ്യതക്കുറവുമൂലം തരിശിട്ടിരിക്കുന്ന എല്ലാ ഭൂമിയിലും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ജലസേചന കനാലുകൾ വഴി വെള്ളമെത്തിക്കാം. പാർശ്വവത്കൃത വിഭാഗങ്ങളുടെയും ചെറുകിട നാമമാത്രകർഷകരുടെയും ഭൂമിയിൽ ഫാം പോണ്ട്, ജലസേചന കിണർ എന്നിവ നിർമ്മിച്ചും വെള്ളം എത്തിക്കുവാൻ സാധിക്കും. ഇവിടങ്ങളിൽ മുൻഖണ്ഡികയിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള സഹായങ്ങൾ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി നൽകാനും കഴിയും.

- സമൂഹത്തിലെ പാർശ്വവല്കൃത വിഭാഗങ്ങളുടെ ഭൂമിയിൽ നാളീകേര കൃഷിവികസനത്തിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ, വളം തുടങ്ങിയവ പഞ്ചായത്തിന്റെ പദ്ധതിവിഹിതമോ മറ്റു കാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ വാങ്ങുകയും തൈകൾ നടുന്നതും രണ്ടുവർഷം വരെയുള്ള പരിപാലന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്. തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് നാളീകേര നഴ്സറികളും തൊഴിലുറപ്പ് പദ്ധതിയിൽ സജ്ജമാക്കാവുന്നതാണ്.

- സമൂഹത്തിലെ പാർശ്വവല്കൃത വിഭാഗങ്ങളുടെയും ചെറുകിട നാമമാത്രകർഷകരുടെയും ഭൂമിയിൽ മറ്റു ഫലവൃക്ഷങ്ങൾ നട്ടു പരിപാലിക്കുന്ന പ്രവർത്തനവും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കും.

- മെച്ചപ്പെട്ടയിനം ഫലവൃക്ഷതൈകൾ ഉത്പാദിപ്പിക്കുന്നതിന് പൊതുഭൂമികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നഴ്സറികൾ സ്ഥാപിക്കാം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് എന്നിവയിൽ പരിശീലനം നൽകിയാൽ മെച്ചപ്പെട്ടയിനം ഫലവൃക്ഷതൈകൾ ഉത്പാദിപ്പിക്കുവാൻ കഴിയും. ഗ്രാഫ്റ്റിംഗിന് ആവശ്യമായ നൈപുണ്യം വളർത്തുന്നതിനു തൊഴിലാളികൾക്ക് അടുത്തുള്ള KVK കൃഷിഭവൻ തുടങ്ങിയവ വഴി പരിശീലനങ്ങൾ നൽകാവുന്നതാണ്. ഗ്രാഫ്റ്റിംഗിന് ആവശ്യമായ scion plant graft പ്രാദേശികമായി കർഷകരിൽ നിന്നും ശേഖരിക്കാവുന്നതാണ്.

- കാർഷിക ഉല്പാദനം വളരെ കൂടുതൽ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ ഉല്പ്പന്നങ്ങൾ സൂക്ഷിക്കുന്നതിനായി കാർഷിക ഉൽപ്പന്ന സംഭരണ കേന്ദ്രങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കാവുന്നതാണ്.

- ഇടുക്കി ജില്ലയിലെ വട്ടവട പോലുള്ള പ്രദേശങ്ങളിൽ ശീതകാല പച്ചക്കറികളുടെ സംഭരണത്തിനായി കേന്ദ്രങ്ങൾ നിർമ്മിക്കാവുന്നതും ആവശ്യമായ ശീതീകരണ സംവിധാനങ്ങൾ പഞ്ചായത്തിന്റെ പദ്ധതി വിഹിതം, കൃഷിവകുപ്പ് പദ്ധതികൾ എന്നിവയിലൂടെ ഒരുക്കാവുന്നതാണ്.

- കാർഷിക ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് വർക്ക്ഷെഡുകൾ നിർമ്മിക്കാൻ തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്തിന്റെ പദ്ധതി വിഹിതം കുടുംബശ്രീ എന്നിവയുടെ സംയോജനത്തിലൂടെ ഈ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും.

- കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമചന്തകളുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ

ഏറ്റെടുക്കാവുന്നതാണ്. ഇവയുടെ ദൈനദിന പ്രവർത്തന മേൽനോട്ടവും പരിപാലനവും ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസ്-ന്റെയും നേതൃത്വത്തിൽ നടത്താവുന്നതാണ്.

- കാർഷിക ഉല്പന്നങ്ങളിൽ നിന്നു മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്വയംസഹായസംഘങ്ങൾ വർക്ക്ഷെഡുകൾ നിർമ്മിക്കാൻ തൊഴിലുറപ്പുപദ്ധതിയെ പ്രയോജനപ്പെടുത്തേണ്ടതാണ്.

കാർഷിക അനുബന്ധ മേഖലകളിലും ഉപജീവന പദ്ധതികളിലും ഗ്രാമീണ അടിസ്ഥാന സൗകര്യ വികനസത്തിലുമൊക്കെ ഇപ്രകാരം ധാരാളം സംയോജന സാധ്യതകൾ കണ്ടെത്താൻ കഴിയും. ഏതാനും ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

- മൃഗസംരക്ഷണ മേഖലയിൽ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട്, അസോളടാങ്ക് എന്നിവയുടെ നിർമ്മാണവും തീറ്റപ്പുൽകൃഷി, അസോളടാങ്ക് എന്നിവയുടെ നിർമ്മാണവും തീറ്റപ്പുൽകൃഷി, കമ്പോസ്റ്റിംഗ് സംവിധാനം എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതും മെച്ചപ്പെട്ടയിനം പശു, ആട്, കോഴിക്കുഞ്ഞ് എന്നിവയെ പഞ്ചായത്ത് പദ്ധതി വിഹിതം, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, ബാങ്കുവായ്പ, ഗുണഭോക്തൃവിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്താവുന്നതാണ്.

- മത്സ്യ വികസനത്തിനായി പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും മത്സ്യകുഞ്ഞുങ്ങളെ വാങ്ങുന്നതും മറ്റ് അനുബന്ധ ചെലവുകളും പദ്ധതിവിഹിതമോ മത്സ്യവകുപ്പിന്റെ വിഹിതമോ ഗുണഭോക്തൃവിഹിതമോ ഉപയോഗിച്ച് നിർവ്വഹിക്കവുന്നതുമാണ്.

- സൂക്ഷമ സംരഭവികസനത്തിനായി കുടുംബശ്രീ സംരഭകഗ്രൂപ്പുകൾക്ക് ആവശ്യമായ വർക്കുഷെഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച നൽകാവുന്നതും ആവശ്യമായ പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി പഞ്ചായത്തിന്റെയോ കുടുംബശ്രീയുടെയോ ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതുമാണ്.

- ഗ്രാമീണ ഉത്പന്നങ്ങളുടെ വിപണത്തിനായി വിപണന-ശുചിത്വ സൗകര്യങ്ങളോടുകൂടിയ ഗ്രാമചന്തകളുടെ (റൂറൽഹാട്ട്) നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതും അവയുടെ ദൈനംദിന പ്രവർത്തന മേൽനോട്ടം ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസ്-ന്റെയും നേതൃത്വത്തിൽ നടത്താവുന്നതുമാണ്.

10.6. നാളികേര വികസന പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ കൃഷി ചെയ്യാത്ത പുരയിടങ്ങളിൽ പുതുതായി തെങ്ങിൻതൈ വച്ച് പരിപാലിക്കുന്നതും നിലവിൽ രോഗം ബാധിച്ച തെങ്ങുകൾക്ക് പകരം പുതിയ തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്നതും അനുവദനീയമാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തനങ്ങൾ പുതുതായി തെങ്ങ് നട്ട് പരിപാലിക്കുന്നതിനു മാത്രം അനുവദനീയമാണ്. പുതുതായി തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഒരുക്കൽ, തെങ്ങിൻതൈ നടുന്നതിന് ആവശ്യമായ കുഴി എടുക്കൽ, രണ്ട് വർഷക്കാലത്തേക്ക് തെങ്ങിൻതൈയ്ക്ക് ആവശ്യമായ ജലസേചനം തുടങ്ങിയവ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. (രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ, അവ കത്തിച്ച് കളയൽ തുടങ്ങിയവ ഒരു കാരണവശാലും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.)

10.7.ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ

കംപോസ്റ്റ് തയ്യാറാക്കൽ, വളം നിർമ്മാണം, ജലസംരക്ഷണനിർമ്മിതികൾ, ചുരുങ്ങിയത് 15 വർഷം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങൾക്ക് ജലസേചനം എന്നിവ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

10.8. ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷി, ബയോഗ്യാസ്/ജൈവവളം, അസോളടാങ്ക് കാലിത്തൊഴുത്ത് എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

10.9. മൃഗസംരക്ഷണവകുപ്പ്

ആട്ടുവളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളാണ്. കൂടാതെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ എന്ന സ്ഥാപനം സംസ്ഥാനത്ത് നിലവിൽ ഉണ്ട്. ആട്/പന്നി/കോഴി എന്നിവയെ വളർത്തുന്നതിനുള്ള കൂട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യത ഉപയോഗിക്കാവുന്നതാണ്.

- ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണത്തിലൂടെ ഉപജീവനം കഴിക്കുന്നവരും തൊഴിലുറപ്പ് പദ്ധതി മാനദണ്ഡപ്രകാരം അർഹരായവരുമായ മുഴുവൻ കുടുംബങ്ങൾക്കും ശാസ്ത്രീയമായ രീതിയിലുള്ള തൊഴുത്തുകൾ, ആട്ടിൻകൂടുകൾ, കോഴിക്കൂടുകൾ എന്നിവ നിർമ്മിച്ച് നല്കുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതാണ്.

- ഇത്തരം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ടയിനം പശു, ആട്, കോഴിക്കുഞ്ഞ് എന്നിവയെ പഞ്ചായത്ത് പദ്ധതിവിഹിതം, മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ്, ബാങ്കുവായ്പ ഗുണഭോക്തൃ വിഹിതം എന്നിവയുടെ സംയോജനത്തിലൂടെ കണ്ടെത്തേണ്ടതാണ്.

- അർഹരായ മുഴുവൻ ക്ഷീരകർഷകർക്കും അസോളാടാങ്ക്, കംപോസ്റ്റിങ്സംവിധാനം എന്നിവ തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി നല്കേണ്ടതും ഗുണഭോക്താക്കൾക്ക് ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പരിശീലനം നൽകേണ്ടതാണ്.

- പഞ്ചായത്തിൽ തീറ്റപ്പുൽ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ദീർഘകാലം നിലനില്ക്കുന്ന പുല്ലിനങ്ങൾ കൃഷിചെയ്യേണ്ടതാണ്.

- മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ് എന്നിവയിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹകരണം ഈ പ്രവർത്തനങ്ങളിൽ ഉറപ്പാക്കേണ്ടതാണ്.

### 10.10. വനം, വന്യജീവി വകുപ്പ്

തൊഴിലുറപ്പ് പദ്ധതിയിലെ പ്രകൃതിപരിപാലന പ്രവർത്തനങ്ങളിലെയും ഗ്രാമീണ ചട്ടക്കൂടുകളുടെ വികസനത്തിലെയും ഒട്ടുമിക്ക പ്രവർത്തനങ്ങളും വനംവകുപ്പുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. ഇതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.208/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം വനത്തിലുള്ളിലെ ജലസംരക്ഷണം നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ, ജലസംഭരണികൾ, വനവത്കരണം, നഴ്സറികൾ ആരംഭിക്കൽ, ഭൂവികസനം എന്നിവയും വനവാസികളുടെ ഭൂമിയിൽ ഭൂവികസനം, ജലസംരക്ഷണം, ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, കക്കൂസ് നിർമ്മാണം, തുടങ്ങിയവയും വനഭൂമിയിലെ പാതകളുടെ നിർമ്മാണവും വനത്തിലുള്ളിലെ കോളനികളുടെ അടിസ്ഥാന സൗകര്യവികസനവും സാധ്യമാകുന്നതാണ്.

പുനർ വനവൽകരണ പ്രവർത്തനങ്ങൾ

വനത്തിനുള്ളിലെ കുളങ്ങളുടെയും മറ്റുജലസ്രോതസ്സുകളുടെയും പുനരുദ്ധാരണം

പുതിയ കുളങ്ങളുടെ നിർമ്മാണം

നീർച്ചാലുകളിലെ തടയണകളുടെ നിർമ്മാണം

വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണത്തിന് ഉതകുന്നഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ

വനമേഖലയ്ക്ക് അടുത്തുള്ള പ്രദേശങ്ങളിൽ 1st order/2nd order നീർച്ചാലുകളുടെ ഉത്ഭവസ്ഥാനങ്ങൾ

വനത്തിനുള്ളിലാണ്. അവിടെ ഒഴുക്ക് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വനംവകുപ്പുമായി ഒരു സംയോജനപദ്ധതി ഏറ്റെടുക്കേണ്ടതാണ്.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വനംവകുപ്പുമായി ചേർന്ന് ഏറ്റെടുക്കേണ്ടതാണ്.

- ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ചു വരുന്നുണ്ട്. ഈ പ്രവർത്തനത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കേണ്ടതാണ്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നഴ്സറികളിൽ തൊഴിലുറപ്പ് തൊഴിലാളികളെ നിയോഗിച്ച് തൈകൾ ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കണം. കൂടാതെ വികേന്ദ്രീകൃത രീതിയിൽ സമീപ പഞ്ചായത്തുകളിലെ പൊതുഭൂമിയിൽ വനം വകുപ്പിന്റെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിച്ചും തൈകൾ ഉല്പാദിപ്പിക്കാവുന്നതാണ്. ആവശ്യമായ വിത്തും മറ്റു സാധന സാമഗ്രികളും സാങ്കേതിക സഹായവും വനംവകുപ്പ് ലഭ്യമാക്കേണ്ടതാണ്. ഉല്പാദിപ്പിക്കുന്ന തൈകൾ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന പ്രകാരം പൊതുഭൂമിയിലും പാർശ്വവല്കൃത കുടുംബങ്ങളുടെ സ്വകാര്യ ഭൂമിയിലും നട്ടുപരിപാലിക്കേണ്ടതാണ്.

- വിദ്യാവനം - ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളിലും പൊതുഭൂമി ലഭ്യമായ മറ്റു സ്ഥലങ്ങളിലും പച്ചത്തുരുത്ത് മാതൃകയിൽ ചെറു വനങ്ങൾ സൃഷ്ടിക്കാൻ വനം വകുപ്പും തൊഴിലുറപ്പ് മിഷനും സംയുക്തമായി നടപടി സ്വീകരിക്കേണ്ടതാണ്

- കാവുകളുടെ സംരക്ഷണം - പൊതുഭൂമിയിൽ നിലവിലുള്ള കാവുകളിൽ വനം വകുപ്പും തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി വൃക്ഷവല്കരണ പ്രവർത്തനങ്ങൾ ആവശ്യാധിഷ്ഠിതമായി ഏറ്റെടുക്കേണ്ടതാണ്.

- കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി ചുവടെപറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്:

അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ തൊഴിലുറപ്പ് പദ്ധതിയിൽ നട്ടുപരിപാലിക്കേണ്ടതും അതിനാവശ്യമായ തൈകൾ, സാങ്കേതിക പിന്തുണ എന്നിവ വനം വകുപ്പ് നല്കേണ്ടതുമാണ്.

കണ്ടൽക്കാടുകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ആവശ്യമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

കണ്ടൽക്കാടുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

- വനവിഭവങ്ങളുടെ സംഭരണവും വിതരണവും - വനവിഭവങ്ങളുടെ സംഭരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കാവശ്യമായ വർക്ക്ഷെഡുകൾ, ഗ്രാമീണ വിപണന കേന്ദ്രം എന്നിവ ആവശ്യമായ് വരുന്നുവെങ്കിൽ ആയത് തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് നല്കാവുന്നതാണ്. ഈ പ്രവർത്തനങ്ങളിൽ കുടുംബശ്രീ മിഷന്റെ സഹകരണവും ആവശ്യമെങ്കിൽ തേടാവുന്നതാണ്.

- തീരവനം പദ്ധതി - കാലാവസ്ഥാ വ്യതിയാനവും മറ്റുകാരണങ്ങളാലും കടൽക്ഷോഭം രൂക്ഷമാകുന്നതും വൻതോതിൽ തീരശോഷണം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ ജനതയുടെ പങ്കാളിത്തത്തോടെ തീരപ്രദേശത്തിന് അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നത് തീരസംരക്ഷണത്തിന് സഹായകമാകും. കടൽത്തീരങ്ങളെ സംരക്ഷിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തീരവനങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനം ഊർജ്ജിതമായി ഏറ്റെടുക്കേണ്ടതാണ്. ഇതിനാവശ്യമായ വൃക്ഷത്തൈകൾ, പരിശീലനം, സാങ്കേതിക സഹായം എന്നിവ വനം വകുപ്പ് ലഭ്യമാക്കേണ്ടതാണ്.

### 10.11 വനിതാ-ശിശു വികസന വകുപ്പ്

**അംഗൻവാടി**

അംഗനവാടിനിർമാണം :മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും, വനിതാ വികസന ശിശുക്ഷേമ വകുപ്പും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൈകോർത്താണ് അംഗനവാടി നിർമ്മാണം നടപ്പിലാക്കി വരുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 5 ലക്ഷം രൂപയും, വനിതാവികസന ശിശുക്ഷേമവകുപ്പിൽ നിന്നും 2 ലക്ഷംരൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റിന് അനുസൃതമായി അവരുടെ വിഹിതങ്ങളും ഉൾപ്പെടുത്തിയാണ് നിർമ്മാണം നടത്തുന്നത്. 923 അംഗനവാടികളുടെ നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭ്യമായിട്ടുള്ളതും 446 എണ്ണത്തിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതും 252 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭരണാനുമതി ലഭ്യമായിട്ടുള്ള 274 അംഗനവാടികളുടെ നിർമ്മാണ പ്രവൃത്തികൾ സ്ഥലത്തിന്റെ അപര്യാപ്തതയും മറ്റു പലകാരണങ്ങളാലും ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതും ഇതിലേക്കായി പകരം സ്ഥലം ലഭ്യമാക്കി അംഗനവാടികളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികൾ കേന്ദ്രീകരിച്ച പോഷകത്തോട്ടങ്ങൾ (ന്യൂട്രിഗാർഡൻ) സ്ഥാപിക്കുന്നതിനു തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**10.12 പട്ടികവർഗ്ഗ വികസന വകുപ്പ്**

പട്ടികവർഗ്ഗക്കാർക്ക് സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണം നടത്തുമ്പോൾ അതിനാവശ്യമായ വേതനഘടകവും, പട്ടികവർഗ്ഗ കുട്ടികൾക്കുള്ള ഹോസ്റ്റലുകളിൽ കളിസ്ഥലങ്ങളുടെ നിർമ്മാണവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്.

- പട്ടിക വർഗ്ഗമേഖലയിൽ സംസ്ഥാന സർ ക്കാർ 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അതുകൂടി പ്രയോജനപ്പെടുത്തി ദാരിദ്ര്യലഘൂകരണത്തിനുള്ള ഉപ പദ്ധതി പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്.

- പട്ടികവർഗ്ഗ കുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിന് ഓരോ പട്ടികവർഗ്ഗകുടുംബത്തിനും ഓരോ മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇതിൽ 200 ദിവസം ജോലി ചെയ്താൽ ലഭിക്കുന്ന കൂലിക്കുപുറമെ ഓരോ പട്ടിക വർഗ്ഗഭൂമിയിലും ഭൂവികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും, കൂടാതെ ഫലവൃക്ഷത്തോട്ടങ്ങൾ തൊഴിലുറപ്പുപദ്ധതിയിൽ നിർമ്മിക്കുന്നതിനും പദ്ധതി രൂപീകരിക്കേണ്ടതാണ്. ഇതിനുപുറമെ വ്യക്തിഗത ആസ്തികളായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയും, കിണർ, കുളം മുതലായ ആസ്തികളും നിർമ്മിച്ചു നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

- എല്ലാ പട്ടികവർഗ്ഗ സാങ്കേതങ്ങളിലും മാലിന്യനിർമാർജ്ജന സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

- ഗതാഗത സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡുകളും തൊഴിലുറപ്പു പദ്ധതിയിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

- ഇതിനോടൊപ്പം പഞ്ചായത്തിന്റെ പദ്ധതി വിഹിതവും പട്ടികവർഗ്ഗവികസനവകുപ്പിന്റെ ഫണ്ടും സംയോജിപ്പിച്ച് പട്ടികവർഗ്ഗകുടുംബങ്ങളുടെ സമഗ്രവികസനത്തിനുതകുന്ന പദ്ധതി പഞ്ചായത്തുകൾ തയ്യാറാക്കേണ്ടതാണ്.

**10.13. ടൂറിസം** : സംസ്ഥാനത്തെ ടൂറിസം വികസനത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും സംസ്ഥാനത്തിന്റെ പച്ചപ്പും പരമ്പരാഗത തനിമയും വിളിച്ചോതുന്ന തരത്തിൽ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന

പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

- പച്ചത്തുരുത്തുകൾ കേന്ദ്രീകരിച്ച് വിവിധ പദ്ധതികൾ സംയോജിപ്പിച്ച് പാർക്കുകൾ
- കണ്ടൽ ദ്വീപുകൾ
- മുളങ്കാടുകൾ
- പാതയോരത്ത് ഇരുവശങ്ങളിലും കണിക്കൊന്ന, പൂവാക തുടങ്ങിയ മരങ്ങൾ നിരനിരയായി നട്ടുപിടിപ്പിച്ച് ആകർഷകമാക്കൽ
- **<u>ഫാം ടൂറിസം-</u>** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ട ഒരു തൊഴിൽ കാർഡ് ഉടമയ്ക്കുവേണ്ടി 4-6 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാം. കൃഷി, അനുബന്ധമേഖലകൾ എന്നിവയുമായി സഹകരിച്ച് തൊഴിലുറപ്പ നിയമ പ്രകാരം അനുവദനീയമായ പ്രവൃത്തികൾ ഏറ്റെടുത്തുകൊണ്ട് സംയോജിതകാർഷിക സമ്പ്രദായ സമീപനമുള്ള മാതൃകാ പ്രദർശന ഫാമുകൾ വികസിപ്പിക്കേണ്ടതാണ്.

### <u>10.14. കുടുംബശ്രീ:</u>

സംസ്ഥാനത്ത് ദാരിദ്ര്യ ലഘൂകരണം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കുടുംബശ്രീ മിഷൻ. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി എടുക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും കുടുംബശ്രീയിൽ അംഗങ്ങളാണ്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ എൻ.ആർ.എൽ.എം മാനദണ്ഡങ്ങൾ പാലിക്കുന്ന ഗ്രൂപ്പുകൾക്ക് വർക്ക്ഷെഡുകൾ നിർമ്മിച്ച് നൽകാൻ സാധിക്കുന്നതാണ്. അതുപോലെ ഗ്രാമീണ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിലേയ്ക്കായി ഗ്രാമചന്തകൾ (റൂറൽ ഹാറ്റുകൾ) തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം നിർമ്മിക്കുന്ന ഗ്രാമചന്തകൾക്കുള്ള സ്ഥലം കണ്ടെത്തുന്നതിനും, വിപണന സ്റ്റാളുകൾ ഒരുക്കുന്നതിനും കുടുംബശ്രീ സംഘടനാ സംവിധാനത്തിന് വലിയ പങ്ക് വഹിക്കാൻ സാധിക്കും. മേൽ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ സ്വീകരിക്കേണ്ടതാണ്.

i. ഓരോ ഗ്രാമപഞ്ചായത്തിലും ഉപജീവനപ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള സ്വയം സഹായ സംഘങ്ങളുടെ വിവരങ്ങൾ കുടുംബശ്രീയിൽ നിന്നും ശേഖരിച്ചു വർക്ക്ഷെഡുകൾ നിർമ്മിച്ചു നല്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രൂപ്പുകൾക്ക് ആവശ്യമായ പ്രവർത്തനമൂലധനം റിവോൾവിംഗ് ഫണ്ടായി പഞ്ചായത്തിന്റെയോ കുടുംബശ്രീയുടെയോ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ii. സ്വയം സഹായ സംഘങ്ങൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന ശുചിത്വസൗകര്യങ്ങളോടുകൂടിയ ഗ്രാമചന്തകളുടെ (റൂറൽ ഹാട്ട്) നിർമ്മാണം തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുക്കേണ്ടതും അവയുടെ ദൈനംദിന പ്രവർത്തന മേൽനോട്ടം ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ CDS-ന്റെയും നേതൃത്വത്തിൽ നടത്തേണ്ടതുമാണ്.

ഗ്രൂപ്പുകൾക്കുള്ള വർക്ക്ഷെഡുകൾ നിർമ്മിക്കുമ്പോൾ താഴെപ്പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

എൻ.ആർ.എൽ.എം മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് വർക്ക്ഷെഡ് നിർമ്മിച്ച് നൽകുവാൻ തൊഴിലുറപ്പ് പദ്ധതിയിൽ കഴിയുന്നതാണ്. വർക്ക് ഷെഡുകൾ നിർമ്മിക്കുന്നതിനായി പൊതുഭൂമി നിർബന്ധം ഇല്ല. ഗ്രൂപ്പിലെ അംഗത്തിൻറ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വർക്ക് ഷെഡുകൾ നിർമ്മിച്ച് നൽകണം. ഗ്രൂപ്പിലെ ഏതെങ്കിലും അംഗത്തിൻറെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 5 വർഷത്തേയ്ക്ക് ഗ്രൂപ്പിൻറെ ആവശ്യത്തിനായി വിട്ടു നൽകാമെന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ വർക്ക്ഷെഡ് നിർമ്മിക്കാൻ സാധിക്കുന്നതാണ്. ഇതിലേയ്ക്കായി ഭൂമിയുടെ ഉടമ ഗ്രാമപഞ്ചായത്തിൽ സമ്മതപത്രം നൽകേണ്ടതുണ്ട് ഗ്രൂപ്പ് അംഗങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഓരോ ഗ്രൂപ്പുകളുടെയും ആക്ടിവിറ്റിക്ക് അനുസൃതമായി അവർക്കു ആവശ്യമായ ഷെഡുകൾ നിർമ്മിക്കാം ഇതിനുള്ള ഫണ്ട് തികച്ചും സൗജന്യമായി തൊഴിലുറപ്പിൽ നിന്നും വിനിയോഗിക്കുവാനും സാധിക്കും. കൂടുതൽ വർക്ക്ഷെഡുകൾ ഗ്രാമീണമേഖലയിൽ നിർമ്മിക്കുക വഴി ഭക്ഷ്യസംസ്കരണം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ ഉത്പാദനപരമായ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുവാൻ സാധിക്കും. കുടുംബശ്രീ സി.ഡി.എസ് അനുയോജ്യമായ ഗ്രൂപ്പുകളെ കണ്ടെത്തി ആവശ്യമായ ബോധവത്കരണം നടത്തി അവയെ സജ്ജമാക്കുന്ന പക്ഷം കൂടുതലായി വർക്ക്ഷെഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കാൻ സാധിക്കുന്നതാണ്. ഇതിനുള്ള പ്രവർത്തനം ഗ്രാമപഞ്ചായത്തുതലത്തിൽ നടപ്പിലാക്കേണ്ടതാണ്.

**10.15. നവകേരളം:** നവകേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, നീർത്തട വികസന പ്രവൃത്തികൾ, ജലസേചന പ്രവൃത്തികൾ, വനവത്കരണ പ്രവർത്തനങ്ങൾ, ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ എന്നിവയെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. നവകേരളം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന മേൽ പദ്ധതികളെ പരമാവധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് മാത്രം നടപ്പിലാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**10.16. ശുചിത്വമിഷൻ/ശുചിത്വകേരളം:** പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കും. ഇതിലേയ്ക്കായി ശുചിത്വമിഷന്റെ സഹകരണം ഗ്രാപഞ്ചായത്തുകൾ ഉറപ്പാക്കേണ്ടതുണ്ട്. ശുചിത്വ കേരളത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്നു.

i. തൊഴിലുറപ്പപദ്ധതി മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ കുടുംബങ്ങളിലും കമ്പോസ്റ്റ്പിറ്റും സോക്പിറ്റും സ്ഥാപിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ക്യാംപയിൻ സംഘടിപ്പിക്കേണ്ടതാണ്.

ii. ഇതിനായി ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ IEC പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

iii. ഹരിതകർമ്മസേനക്ക് ആവശ്യമായ മിനിഎംസിഎഫ് എല്ലാവാർഡുകളിലും സ്ഥാപിക്കുന്നതിനും അവയുടെ ശരിയായപരിപാലനം ഉറപ്പുവരുത്തുന്നതിനും പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്.

iv. പൊതുസ്ഥലങ്ങൾ പ്രത്യേകിച്ചും പൊതുമാർക്കറ്റുകളിൽ തുമ്പൂർമൂഴി കംബോസ്റ്റിംഗ് സംവിധാനവും സോക്പിറ്റ്/സോകേജ് ചാനലുകളും നിർമ്മിക്കേണ്ടതാണ്.

v. സർക്കാർ സ്കൂളുകളിൽ ആവശ്യമായത്ര ശുചിമുറികൾ നിർമിക്കാൻ തൊഴിലുറപ്പപദ്ധതിയെ പ്രയോജനപ്പെടുത്താവുന്നതാണ്.

vi. പട്ടികജാതി കോളനികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ശുചിത്വപരിപാലനം ഉറപ്പുവരുത്തുന്നതിനും സോക്പിറ്റുകൾ, ഓവുചാലുകൾ, തുമ്പൂർമൂഴി കമ്പോസ്റ്റുകൾ തുടങ്ങിയവ തൊഴിലുറപ്പുപദ്ധതിയിൽ ഉൾക്കൊള്ളിച്ച് മറ്റു ഫണ്ടുകളുടെ സംയോജനം കൂടി ഉറപ്പാക്കി സമഗ്ര ശുചിത്വപദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

vii. മാലിന്യ നിർമാർജ്ജനത്തിനായി തൊഴിലുറപ്പ്പദ്ധതി, ശുചിത്വമിഷൻ, ഹരിതകർമസേന, കുടുംബശ്രീ സംഘടനാസംവിധാനം എന്നിവയെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം പഞ്ചായത്തുകൾ നടത്തേണ്ടതാണ്.

PMAY (G) ഗുണഭോക്താക്കൾക്ക് വ്യക്തിഗത ശൗചാലയം (IHHL) നിർമിക്കുന്നതിനുള്ള ആനുകൂല്യം തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. കൂടാതെ അന്ത്യോദയ ഗ്രാമ പഞ്ചായത്തുകളിൽ SBM സർവേയിൽ കണ്ടെത്തുന്ന അർഹരായ ഗുണഭോക്താക്കൾക്കും ടി ആനുകൂല്യം നൽകാവുന്നതാണ്.

### 10.17. വിദ്യാഭ്യാസ വകുപ്പ്

സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനം: സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഭക്ഷണഹാൾ, ശുചിമുറികൾ കിണർറീച്ചാർജ്ജിങ്ങ്, കളിസ്ഥലം (ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നുമാത്രം), ഫലവൃക്ഷവല്ക്കരണം എന്നീ പ്രവൃത്തികൾ തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുക്കുവാൻ സാധിക്കും. ഇതിനോടൊപ്പം പഞ്ചായത്തുകളുടെ പദ്ധതി വിഹിതം, വകുപ്പുതല പദ്ധതികൾ എന്നിവകൂടി പ്രയോജനപ്പെടുത്തിയാൽ എല്ലാ സർക്കാർ സ്കൂളുകളിലും മെച്ചപ്പെട്ട അടിസ്ഥാനസൗകര്യവികസനം ഉറപ്പുവരുത്താൻ സാധിക്കും.

### 10.18. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം

ഏകദേശം 4000 കോടി രൂപ ഒരു വർഷം ത്രിതല പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടായി സംസ്ഥാന സർക്കാർ നൽകുന്നുണ്ട് ഇതിൽ 50% തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ആകയാൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികളിലെ തൊഴിൽഘടകം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി രൂപീകരണ വേളയിൽ തന്നെ സംയോജനം ഫലപ്രദമാക്കാനുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും അവിദഗ്ധ കായിക തൊഴിൽ ഘടകം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കുമോയെന്നു പരിശോധിക്കേണ്ടതാണ്. ഇതിലേക്ക് പഞ്ചായത്ത് ഒരു സമഗ്ര വികസന പരിപ്രേക്ഷ്യം രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര വികസന പദ്ധതിയുടെ (Grama Panchayat Development Plan (GPDP) ഒരു അനിവാര്യ ഘടകമായി വേണം തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതി രൂപപ്പെടുത്തേണ്ടത്.

പഞ്ചായത്തിന്റെ വികസന ഫണ്ട്, പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട വികസന വകുപ്പുകളുടെ ഫണ്ട്, സ്വന്തമായി സ്വരൂപിക്കുന്ന വിഭവം, കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതം എന്നിവ കൂട്ടിച്ചേർത്ത് വികസന പ്രോജക്ടുകളിലൂടെ രൂപീകരിക്കുന്ന സമഗ്ര പദ്ധതിയാണ് പഞ്ചായത്തിന്റെ വികസന പദ്ധതി.

**10.19.PMAY ലൈഫ് പദ്ധതി:-** കേന്ദസർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന PMAY പദ്ധതിയുടെയും സംസ്ഥാന സർക്കാർ ലൈഫ് മിഷൻറെ ഭാഗമായി പാർശ്വവത്കൃത കുടുംബങ്ങൾക്കായി നിർമ്മിക്കുന്ന ഭവനങ്ങൾക്ക് 90 ദിവസത്തെ അവിദഗ്ധ കായിക തൊഴിൽ തൊഴിലുറപ്പ് പദ്ധതിയിൽ നൽകാവുന്നതാണ്. ആയതിനാൽ നിർമ്മാണ സാമഗ്രികളായ കട്ട, കട്ടിള, ജനറൽഫ്രയിമുകൾ തുടങ്ങിയവ നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിച്ച് നൽകുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത്തരം നിർമ്മാണ സാമഗ്രികൾ യഥാർത്ഥ നിർമ്മാണ തുക ഈടാക്കിയ ശേഷം ഗുണഭോക്താവിന് നൽകാവുന്നതാണ്.

**10.20. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന** (PMKSY)

കേന്ദ്രവിഷ്കൃതപദ്ധതിയായി നടപ്പിലാക്കി വന്നിരുന്ന സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) ഇപ്പോൾ പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജന (PMKSY) പദ്ധതിയുടെ നീർത്തടഘടകമെന്ന നിലയിൽ ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്നു. പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയുടെ ഘടകങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബനിഫിറ്റ് പ്രോഗ്രാം (AIBP) ഡാമുകളുടെയും കനാലുകളുടെയും നിർമ്മാണം
2 'ഹർഖേത് കോ പാനി'- എല്ലാ കൃഷിയിടങ്ങളിലേക്കും ജലസേചനം എത്തിക്കൽ
3. മോർ ക്രോപ്പ് പെർ ഡ്രോപ്പ്- ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ഉല്പാദന വർദ്ധനവ് സാധ്യമാക്കുക
4. നീർത്തടവികസനം
5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള സംയോജിത പ്രവൃത്തികൾ

പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയുടെ ഭാഗമായി എല്ലാജില്ലകളിലും ജില്ലാ ഇറിഗേഷൻ പ്ലാൻ (DIP) തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തും ഏറ്റെടുത്തു നടപ്പിലാക്കേണ്ടുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് വിവിധ നീർത്തട പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) ന്റെ അടിസ്ഥാനത്തിലാണ് ഇവയുടെ നിർവ്വഹണം നടത്തുന്നത്. സംസ്ഥാനത്തെ നീർത്തട പരിപാലന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 ലെ വാർഷിക കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ ഇതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. നിലവിൽ, IWMP പദ്ധതി നടപ്പിലാക്കിവരുന്ന പ്രദേശങ്ങളിൽ DPR ൽ ഉൾപ്പെടുത്തിയിട്ടുള്ള അവിദഗ്ധ തൊഴിൽ ആവശ്യമുള്ള എല്ല് പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയുടെ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്താവുന്നതാണ്.
2. IWMP പദ്ധതി നിലവിൽ ഇല്ലാത്ത പ്രദേശങ്ങളിൽ ജില്ലാ ഇറിഗേഷൻ പ്ലാനിൻറെ ഭാഗമായി നിരവധി മണ്ണ്-ജല സംരക്ഷ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ 2022-23-ലെ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

ഓരോ ജില്ലയിലേയും അംഗീകൃത ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അതത് ഗ്രാമപഞ്ചായത്തുകൾക്ക് അയച്ചുകൊടുത്ത് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ ലേബർ ബഡ്ജറ്റിലെ NRM പ്രവൃത്തികളും ജില്ലാ ഇറിഗേഷൻ പ്ലാനും തമ്മിലുള്ള സംയോജനം ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്.

10.21. മുകളിൽ പരാമർശിച്ച വിവിധ വകുപ്പുകളുടെ സംയോജനത്തിന് പുറമേ താഴെ സൂചിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഗ്രഥന സാധ്യതകളും പഞ്ചായത്തുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

1. രാഷ്ട്രീയ കൃഷിവികാസ് യോജന (RKVY)
2. കമാന്റ് ഏര്യാ ഡവലപ്പമെന്റ് ആൻറ് വാട്ടർ മാനേജ്മെന്റ് (CAD and WM)
3. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ(NHM)
4. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)
5. ജലനിധി (KRWSA)
6. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)
7. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (NRLM)

10.22. കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാവുന്ന ആഘാതങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഗ്രാമീണമേഖലയിൽ ജീവിക്കുന്ന പാവപ്പെട്ടവരെയാണ്. പ്രകൃതിവിഭവങ്ങളെ കൂടുതൽ അശ്രയിക്കുകയും പരിമിതമായ ഉപജീവന മാർഗ്ഗങ്ങളുമുള്ള ഇവർക്ക് കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാവുന്ന നാശനഷ്ടങ്ങൾ വലുതാണ്.

കാലാവസ്ഥ വ്യതിയാനം ഒരു യാഥാർത്ഥ്യമാണെന്ന് ഉൾക്കൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വിവിധ കാലാവസ്ഥാ വ്യതിയാന പ്രതിരോധ മാർഗ്ഗങ്ങൾ കൂടുതൽ ഊർജ്ജിതമായി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചിലവഴിക്കുന്ന തുകയിലും എണ്ണത്തിലും സംസ്ഥാനത്ത് നിലവിൽ കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടപ്പിലാക്കുന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ്.

പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളായ മണ്ണ്-ജലസംരക്ഷണം, ജലശേഖരണം, വനവത്കരണം, വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങൾ, വെള്ളപ്പൊക്ക സംരക്ഷണ പ്രവർത്തനങ്ങൾ എല്ലാം തന്നെ ആ പ്രദേശത്തിന്റെ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ്. ആരോഗ്യമുള്ള ഒരു ആവാസവ്യവസ്ഥ കാലാവസ്ഥ വ്യത്യാനം മൂലം ഉണ്ടാവുന്ന അപകടങ്ങളും, ആഘാതങ്ങളും ഒരു പരിധിവരെ പ്രതിരോധിക്കുന്നതിന് സഹായകരമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ആസൂത്രണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങുന്നത്.

വർദ്ധിച്ചു വരുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തി ദുരന്ത സാധ്യത ലഘൂകരണ പ്രവർത്തനങ്ങൾ (ECO-DRR) വരും വർഷങ്ങളിൽ കൂടുതൽ ഊർജ്ജിതമായി ഏറ്റെടുക്കുന്നതാണ്. വിവിധ പ്രവൃത്തികൾ ഫീൽഡുതലത്തിൽ നടപ്പിലാക്കുമ്പോൾ അനുവർത്തിക്കേണ്ടതും, ശ്രദ്ധിക്കേണ്ടതുമായ വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഫീൽഡുതല ഉദ്യോഗസ്ഥർക്കുള്ള വിവിധ പരിശീലന പരിപാടികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

Different Works

1. Reforestation Works
2. Mangrove plantation for protecting coastal habitat
3. Recharging ground water
4. Water Harvesting structures including traditional waterbodies
5. Bunding works
6. Safe disposal of flood water

**11.1** ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ പട്ടികയും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിനുള്ള ചുവടെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ കോവിഡ് പ്രതിരോധം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇറക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് ചിട്ടയോടുകൂടി സംഘടിപ്പിക്കേണ്ടതാണ്.

1. 2021-22 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വാർഡിൽ ഏറ്റെടുത്തതിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്.
2. ഏറ്റെടുത്ത പ്രവൃത്തികൾ.
3. മുൻവർഷങ്ങളിൽ ഏറ്റെടുത്തതും ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്നതുമായ പ്രവൃത്തികളുടെ പട്ടിക.
4. ഷെൽഫ് ഓഫ് പ്രോജക്ട്സ്.
5. തൊഴിൽകാർഡുകളിൽ വിവരങ്ങൾ കൃത്യതയോടുകൂടി രേഖപ്പെടുത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ.
6. ഓരോ പ്രവൃത്തിസ്ഥലത്തും സ്ഥാപിക്കേണ്ട ബോർഡുകൾ.
7. മിഷൻ വാട്ടർ കൺസർവേഷൻ/പ്രകൃതിവിഭവ പരിപാലനം, ജി.ഐ.എസ് അടിസ്ഥാനത്തിലുള്ള പദ്ധതി രൂപീകരണം എന്നീ വിഷയങ്ങൾ.
8. വാർഡിലെ ശുചിത്വസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഗാർഹികതല കമ്പോസ്റ്റ് പിറ്റ്, സോക്ക്പിറ്റ് എന്നിവയുടെ ആവശ്യകതയും ജൈവ-അജൈവ മാലിന്യ പരിപാലനത്തിനുള്ള പൊതുസൗകര്യ സൃഷ്ടിക്കുള്ള പ്രവർത്തന പരിപാടികളും ആവിഷ്കരിക്കൽ.
9. സോഷ്യൽ ഓഡിറ്റിൽ വില്ലേജ് റിസോഴ്സ് പേഴ്സണായി പ്രവർത്തിക്കാൻ കഴിയുന്നവരെ കണ്ടെത്തുന്നതിന് സഹായകരമാകുംവിധം വാർഡിലെ 2-3 വനിതാ സ്വയം സഹായസംഘങ്ങളെ തെരഞ്ഞെടുക്കൽ.

**11.2. ഘട്ടം-2 അയൽക്കൂട്ടതല ചർച്ച.**

11.2.1. അയൽക്കൂട്ട യോഗത്തിൽ വച്ച് പ്രസ്തുത അയൽക്കൂട്ട പ്രദേശത്ത് കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള ഭൂവികസനവും ജല സമ്പത്ത് മെച്ചപ്പെടുത്തുന്നതിനും മണ്ണ് സംരക്ഷണത്തിനും വനവത്കരണത്തിനും ഉപകരിക്കുന്ന പ്രവൃത്തികൾ കണ്ടെത്തണം. അയൽക്കൂട്ടാംഗങ്ങളുടെ അനുഭവത്തിന്റെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നിശ്ചയിക്കേണ്ടത്. കൂടാതെ ഗ്രാമപഞ്ചായത്തുതലത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്ര നീർത്തട മാസ്റ്റർപ്ലാനിൽ

നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ കുന്നിൻ മുകളിൽ നിന്നും താഴേയ്ക്ക് എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകി ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന പ്രവൃത്തികളും ഓരോ അയൽകൂട്ട അംഗത്തിന്റെ കുടുംബത്തിനും ആവശ്യമായ തൊഴിൽ ദിനങ്ങളും നിർണ്ണയിക്കേണ്ടതാണ്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് അയൽകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അയൽക്കൂട്ടതലത്തിൽ ആവശ്യമായ തൊഴിൽ ദിനങ്ങളും പ്രവൃത്തികളും രേഖപ്പെടുത്തുന്നതിനുമുള്ള ഫോറം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. വ്യക്തിഗത ആനുകൂല്യം ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ സഹായിക്കുന്നതിനുള്ള ഒരു ഉപാധിയായി അയൽക്കൂട്ടതല ചർച്ചയും മാറേണ്ടതും. ഇപ്രകാരം അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന ഗുണഭോക്തൃ പട്ടിക ഗ്രാമസഭാ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്.

**11.3. ഘട്ടം-3 വാർഡ്തല ക്രോഡീകരണം**

11.3.1.അയൽകൂട്ട തലത്തിൽ തയ്യാറാക്കുന്ന പ്രവൃത്തികളുടെ ക്രോഡീകരണം നിർവ്വഹിക്കുന്നത് അസി: സെക്രട്ടറി, വി.ഇ.ഓമാർ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർ, അക്കൌണ്ടൻറ് കം ഐ.ടി അസിസ്റ്റൻറുകൾ, പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന മൂന്ന് മേറ്റ്മാർ എന്നിവർ അടങ്ങുന്ന സമിതിയായിരിക്കും. ഇതിനായുള്ള ഫോറം അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു. നവംബർ 1-ന് മുമ്പായി വിവിധ ഡിപ്പാർട്ടുമെൻറുകൾ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചോയത്ത് എന്നീ സ്ഥാപനങ്ങൾ അവർ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പട്ടിക ഷെൽഫ് ഓഫ് പ്രോജക്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. ഇപ്രകാരം മറ്റ് ഏജൻസികൾ സമർപ്പിക്കുന്ന പ്രവൃത്തി പട്ടികകൾ കൂടി ഉൾപ്പെടുത്തി നവംബർ 15-നു മുമ്പായി വാർഡ്തല സമിതി വാർഷിക പദ്ധതി ക്രോഡീകരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കണം.

11.3.2. ഇപ്രകാരം തയ്യാറാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഒറ്റനോട്ടത്തിൽ ഏതൊരു വ്യക്തിയ്ക്കും കണ്ടെത്തുന്നതിന് കഴിയണം. ഇതിനായി വാർഡിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തന്നെ വാർഡിന്റെ മാപ്പിൽ രേഖപ്പെടുത്തി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമസഭയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ മാപ്പ് അവതരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം പഞ്ചായത്തിലെ കൃഷി ഓഫീസർക്കാണ്.

**11.4.ഘട്ടം-4 ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ പരിശീലനം**

11.4.1. ഓരോ പഞ്ചായത്തിലും ഒരേ സമയം എല്ലാ ഗ്രാമസഭകളും സംഘടിപ്പിക്കുന്നതിനും നടത്തിപ്പിൽ സഹായിക്കുന്നതിനും ഗ്രാമസഭയിൽ ഈ വിഷയം അവതരിപ്പിക്കുന്നതിനും ശേഷിയും സന്നദ്ധതയുമുള്ള 10-15 പേരടങ്ങിയ ഒരു ടീമിനെ ഫെസിലിറ്റേറ്റർമാരായി കണ്ടെത്തേണ്ടതാണ്. ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുക്കേണ്ടവരെ സംബന്ധിച്ച് മുൻ വർഷങ്ങളിൽ അവലംബിച്ച മാനദണ്ഡങ്ങൾ നടപ്പ് വർഷവും സ്വീകരിക്കാവുന്നതാണ്.

11.4.2. മുൻ വർഷങ്ങളിൽ ഈ ആവശ്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഫെസിലിറ്റേറ്റർമാരെ നടപ്പുവർഷത്തേയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം ഓരോ പഞ്ചായത്തും തെരെഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാരുടെ ഓൺലൈൻ പരിശീലനം ഒക്ടോബർ മാസം 10-ാം തീയതിയ്ക്കുമുൻപായി ബ്ലോക്ക്തലത്തിൽ പൂർത്തീകരിച്ചിരിക്കണം.

**11.5 ഘട്ടം-5 തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ**

11.5.1. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ച ചേർക്കേണ്ടതാണ്. ഇത് വാർഡ് അടിസ്ഥാനത്തിലോ 2,3 വാർഡുകൾക്ക് ഒരുമിച്ചോ, ഗ്രാമപഞ്ചായത്ത്

അടിസ്ഥാനത്തിലോ വിളിച്ചുചേർക്കാം. തൊഴിലാളികളുടെ കാഴ്ചപ്പാടും ആശയാഭിലാഷങ്ങളും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നതിനാണ് തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ച് കൂട്ടേണ്ടത്. പട്ടികജാതി/ പട്ടികവർഗ്ഗ/ സ്ത്രീപങ്കാളിത്തം പ്രസ്തുത ഗ്രാമസഭയിൽ പരമാവധി ഉറപ്പാക്കുന്നതിന് വാർഡ്തലത്തിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സമിതിയും ഗ്രാമപഞ്ചായത്തും ശ്രദ്ധിക്കേണ്ടതാണ്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് തൊഴിലാളികളുടെ ഗ്രാമസഭകൾ ഒക്ടോബർ മാസം 20 ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്.

**11.6. ഘട്ടം-6 പൊതുഗ്രാമസഭ**

11.6.1. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ കാലേക്കൂട്ടി ഓരോ ഗ്രാമപഞ്ചായത്തിലെയും ഗ്രാമസഭാ മീറ്റിംഗുകൾ ക്രമപ്പെടുത്തിയിട്ടുണ്ടെന്നും അത് നവംബർ മാസം 30-ാം തീയതിയ്ക്കകം കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് സംഘടിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത ഗ്രാമസഭയുടെ ഭാഗമായി വ്യക്തിഗത ആനുകൂല്യം ആവശ്യമുള്ള ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് അംഗീകാരവും നൽകേണ്ടതാണ്.

11.6.2. അയൽക്കൂട്ടതലത്തിലെ ലേബർ ബഡ്ജറ്റ് ക്രോഡീകരിക്കുന്ന സമിതിയാണ് കരട് ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ട്സും ഗ്രാമസഭയിൽ ചർച്ചയ്ക്ക് അവതരിപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന കരട് ഷെൽഫ് ഓഫ് പ്രോജക്ട്സിൽ നീർത്തട മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളും അന്തർഗ്രാമ/അന്തർബ്ലോക്ക്തല പ്രവൃത്തികളും നിർബന്ധമായും ഉൾപ്പെടുത്തി യിട്ടുണ്ടെന്ന് വാർഡ്തല കോർഡിനേഷൻ കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. അതോടൊപ്പം തന്നെ ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള നീർത്തട വികസനം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളും ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസൃതമായി കരട് ലേബർ ബഡ്ജറ്റിൽ സമിതിയ്ക്ക് മാറ്റങ്ങൾ വരുത്താവുന്നതാണ്. ഗ്രാമസഭയിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനയും പരാമർശിക്കപ്പെടേണ്ടതുണ്ട്.

11.6.3. പൊതുഗ്രാമസഭയിൽ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

11.6.4.ഓരോ ഗ്രാമസഭയിലും എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സംഘാടക സമിതികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രാമസഭയ്ക്ക് മുന്നോടിയായി വിളിച്ചുചേർക്കേണ്ടതാണ്. ഗ്രാമസഭയുടെ ക്ഷണക്കത്ത് തയ്യാറാക്കി യോഗത്തിന് ഒരാഴ്ച മുൻപെങ്കിലും മുഴുവൻ കുടുംബങ്ങൾക്കും എത്തിക്കേണ്ടതാണ്. കത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമസഭയുടെ പ്രാധാന്യം, കാര്യപരിപാടി എന്നിവ വ്യക്തമായി വിവരിക്കണം.

11.6.5. ഗ്രാമസഭാകാര്യപരിപാടി:

1. രജിസ്ട്രേഷൻ
2. സ്വാഗതം
3. അധ്യക്ഷപ്രസംഗം
4. സമിതിയുടെ ക്രോഡീകരിച്ച കരട് ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും അവതരിപ്പിക്കൽ
5. വാർഡിലെ പ്രവൃത്തികൾ ഉൾകൊള്ളിച്ചിട്ടുള്ള മാപ്പ് അവതരിപ്പിക്കൽ
6. ജലസംരക്ഷണ പ്രവർത്തനങ്ങളും നദീപുനരുദ്ധാരണ പ്രവർത്തനങ്ങളും നീർത്തടാധിഷ്ഠിതമായി ഏറ്റെടുക്കുന്നതു സംബന്ധിച്ച വിശദീകരണം
7. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ഊന്നൽ നല്കികൊണ്ട് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത.
8. ഗ്രാമീണചന്തകൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചുള്ള ചർച്ച
9.വ്യക്തിഗത ആനുകൂല്യം ആവശ്യമുള്ള ഗുണഭോക്താക്കളുടെ പട്ടിക ചർച്ച ചെയ്ത് അംഗീകരിക്കൽ.

10. കരട് ലേബർ ബഡ്ജറ്റ്/ പ്രവൃത്തികളുടെ ലിസ്റ്റിൻമേലുള്ള ഗ്രൂപ്പ് ചർച്ച (10 മുതൽ 15 പേർ അടങ്ങുന്ന നാലോ അഞ്ചോ ഗ്രൂപ്പുകൾ തിരിച്ച് കരട് പരിശോധിക്കേണ്ടതാണ്.)

11. ഗ്രൂപ്പ് ലീഡർമാർ പ്ലീനറി സെഷനിൽ ഗ്രൂപ്പ് റിപ്പോർട്ട് അവതരിപ്പിക്കുന്നു.

12. മാസത്തിൽ ഒരിക്കലെങ്കിലും റോസ്ഗാർ ദിവസിൽ പങ്കെടുക്കുമെന്ന പ്രതിജ്ഞ.

13. ക്രോഡീകരണം

14. Janmanrega മൊബൈൽ ആപ്പിന്റെ ഉപയോഗരീതിയും പ്രയോജനവും സംബന്ധിച്ച ചർച്ച

11.6.6. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യുന്ന ഓരോ ഗ്രാമസഭയുടെയും ഫോട്ടോഗ്രാഫ് അടക്കമുള്ള മിനിട്ട്സ് ജില്ലാതലത്തിൽ ക്രോഡീകരിക്കുകയും സംസ്ഥാനമിഷന് അയച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഗ്രാമസഭ നടപടിക്രമത്തിൻറെ പകർപ്പ് ഗ്രാമപഞ്ചായത്ത് ലേബർ ബഡ്ജറ്റിനോടൊപ്പം ങകട ലേക്ക് അപ്ലോഡ് ചേയ്യേണ്ടതാണ്.

**11.7. ഘട്ടം-7 ഗ്രാമ പഞ്ചായത്തുതല ലേബർ ബഡ്ജറ്റ് രൂപീകരണം**

11.7.1. ഗ്രാമസഭകൾ അനുബന്ധം-4 ൽ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും പഞ്ചായത്തുതലത്തിൽ പരിശോധിച്ച് മെച്ചപ്പെടുത്താനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും. ഇതിനായി അസി. സെക്രട്ടറി, വി.ഇ.ഓമാർ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർ, അക്കൌണ്ടൻറ്-കം-ഐടി അസിസ്റ്റൻ റുകൾ , പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന ആറ് മേറ്റ്മാർ എന്നിവരുടെ സേവനം പൂർണ്ണമായി ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യാൻ ഗ്രാമപഞ്ചായത്ത് തല ശില്പശാല സംഘടിപ്പിക്കണം. ഈ ശില്പശാലയിൽ (i) കാർഷിക കലണ്ടറും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം (ii) സമഗ്ര നീർത്തട മാസ്റ്റർപ്ലാനും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം (iii) ലേബർ ബഡ്ജറ്റും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായുള്ള സംയോജനം വിവിധ വകുപ്പ് പദ്ധതികളുമായും തൊഴിലുറപ്പ് പദ്ധതിയുമായുള്ള (iv) നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനാ വശ്യങ്ങൾ (v) മറ്റ് വികസന പരിപാടികളുമായുള്ള ഉദ്ഗ്രഥന സാധ്യത തുടങ്ങിയവ ചർച്ചചെയ്യണം.

ടി ശില്പശാലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കേണ്ടതും, സംയോജന സാധ്യതകൾ ചർച്ച ചെയ്യേണ്ടതുമാണ്. ഇപ്രകാരം നടത്തുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഒരു സംയോജന പ്ലാൻ **അനുബന്ധം**-V ഉണ്ടാകേണ്ടതാണ്. ടി പ്ലാനിൽ വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരം, വകുപ്പിൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക/സാങ്കേതിക സഹായത്തിന്റെ വിവരം, പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന കാലയളവ് എന്നിവ വ്യക്തമായി ഉൾപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ അനുവർത്തിക്കേണ്ട പ്രചരണ പരിപാടികളുടെ പ്രവർത്തന രേഖ രൂപീകരിക്കണം, സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയും ചർച്ചയിൽ ഉൾപ്പെട്ടിരിക്കണം. ശില്പശാലയുടെ ശുപാർശകൾ കൂടി പരിഗണിച്ചശേഷം വികസന സ്റ്റാൻറിംഗ് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. പഞ്ചായത്ത് കമ്മിറ്റി ലേബർ ബഡ്ജറ്റിനും വാർഷിക കർമ്മ പരിപാടിയ്ക്കും അംഗീകാരം നൽകണം. പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റ് ഫോറം III (എ), III (ബി)- (അനുബന്ധം-VI) യിൽ 05.12.2020 നകം ബ്ലോക്ക് പ്രോഗ്രാം ആഫീസർക്ക് നൽകണം. ഗ്രാമസഭയിൽ അംഗീകരിച്ച എല്ലാ വാർഡുകളിലേയും പ്രവൃത്തികൾ അടങ്ങിയിട്ടുള്ള മാപ്പ് പദ്ധതിയോടൊപ്പം പ്രോഗ്രാം ഓഫീസർക്ക് കൈമാറേണ്ടതാണ്. ഓരോ വാർഡിലെയും മാപ്പ് അതത് ഗ്രാമപഞ്ചായത്തുകൾ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

11.7.2. ഈ അവസരത്തിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ്, പ്ലാൻ, ഡ്രോയിംഗ്സ്, പ്രതീക്ഷിക്കുന്ന തൊഴിൽ ആവശ്യകത, ചെലവ്, പ്രവൃത്തിയുടെ പേര്, പ്രവൃത്തി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ, പ്രവൃത്തിയുടെ വ്യാപ്തി, നീളം, ഏരിയ, പ്രവൃത്തിയുടെ ഗുണം ലഭിക്കുന്ന പ്രദേശം, കുടുംബങ്ങളുടെ എണ്ണം എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പ്രോജക്ട് റിപ്പോർട്ട് ഓവർസീയർ തയ്യാറാക്കി തുടങ്ങേണ്ടതാണ്.

11.7.3. ലേബർ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഓരോ കോളവും ശരിയായി പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 2022-23-ലെ പ്രതിമാസ ലേബർ പ്രൊജക്ഷനും വർക്ക് പ്രൊജക്ഷനും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തികളുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തേണ്ട യൂണിറ്റുകളും (അളവ്/നീളം/ഏര്യാ തുടങ്ങിയവ) പ്രവൃത്തിദിനങ്ങൾ, വില എന്നിവയുമായി ബന്ധപ്പെട്ട നമ്പരുകളും കൃത്യമായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.

**11.8. ഘട്ടം-8 ബ്ലോക്ക് പഞ്ചായത്ത് കർമ്മ പദ്ധതി രൂപീകരണം**

11.8.1. ഷെൽഫ് ഓഫ് പ്രോജക്ടും ലേബർ ബഡ്ജറ്റും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ശേഷം ആയതിന്റെ റിക്കോർഡുകളും പ്രമേയവും പ്രോഗ്രാം ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതാണ്. പദ്ധതിയും ലേബർ ബഡ്ജറ്റും ലഭിച്ച് കഴിഞ്ഞാൽ പ്രോഗ്രാം ഓഫീസർ ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

